2014
# ബിലീവേഴ്സ് ജേണൽ
ജനുവരി 25 | ക്രൈസ്തവ ലോകത്തെ വേറിട്ട ശബ്ദം... | വാല്യം 07 | ലക്കം 02
RNI. NO. KERMAL/2008/26530 | POSTAL Reg. No. KL/TLA 225/2012 - 14 | Annual Subscription Rs.150/- | Pages:12

# അനുഗ്രഹനിറവോടെ നവതി കൺവൻഷൻ




ഇൻഡ്യാ പെന്തക്കോസ്ത് ദൈവസഭ നവതി കൺവൻഷൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ഉദ്ഘാടനം ചെയ്യുന്നു വാർത്ത പേജ് 09

## ജനറൽ പി. വൈ. പി. എ., പുനഃസ്ഥാപിച്ചു. താല്കാലിക കമ്മറ്റി നിലവിൽ വന്നു



ബ്ര. സുധി ഏബ്രഹാം



ബ്ര. വെസ്ലി ആലുംമൂട്ടിൽ

**കുമ്പനാട്:** ഐ. പി. സി. ജനറൽ പി. വൈ. പി. എ. പുനഃസ്ഥാപിക്കുകയും ജനറൽ സണ്ടേസ്കൂൾസ് അസ്സോസിയേഷൻ ആരംഭിക്കുകയും ചെയ്യുവാൻ തീരുമാനമായി. കേരളാ സ്റ്റേറ്റ് പി. വൈ. പി. എ.യുടെ കോർഡിനേറ്ററായ ബ്രദർ സുധി എബ്രഹാം കൺവീനറായുള്ള അഡ്ഹോക്ക് കമ്മറ്റി ചുമതലയേറ്റു. ബ്രദർ വെസ്ലി ആലുമൂട്ടിൽ (ഹൂസ്റ്റൺ), ജോർജ്ജ് കുറമൂട്ടിൽ (ജാർഖണ്ഡ്) എന്നിവരുടെ നേതൃത്വത്തിലുള്ള താൽകാലിക കമ്മറ്റി പൂർണ്ണതോതിലുള്ള ജനറൽ പി. വൈ. പി. എ. രൂപീകരണത്തിന് നേതൃത്വം നൽകും. ഒരു വർഷമായിരിക്കും ഈ കമ്മറ്റിയുടെ കാലാവധി.

ബ്രദർ സുധി ഏബ്രഹാം എ. വി. എസ്. ബിൽഡേഴ്സ് എം. ഡി.യും കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗമാണ്. ഭാര്യ ഷിനി, മക്കൾ: ജസ്റ്റിൻ, ജെഫിൻ, ജെന്നിഫർ.

ഫിന്നി ആലുമൂട്ടിലിന്റെ മകനായ ബ്രദർ വെസ്ലി ആലുമൂട്ടിൽ ഐ. പി. സി. ഹൂസ്റ്റൺ സഭാംഗവും മിഡ്വെസ്റ്റ് റീജിയൻ പി. വൈ. പി. എ. ട്രഷററും ഹൂസ്റ്റൺ ഐ. പി. സി. ഫെലോഷിപ്പ് യൂത്ത് കോർഡിനേറ്ററുമാണ്. ഹൂസ്റ്റൺ പോലീസ് ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥനാണ്. ഭാര്യ ജെമി. മകൾ: ഈവാ.

## ചുമതലയേറ്റു

### വിൽസൻ ജോർജ്ജ് ബിലീവേഴ്സ് ജേണൽ വൈസ് ചെയർമാൻ



ബിലീവേഴ്സ് ജേണൽ വൈസ് ചെയർമാനായി ബ്രദർ വിൽസൻ ജോർജ്ജ് വടക്കേമുറിയിൽ ചുമതലയേറ്റു. റാന്നി പൂവൻമല സ്വദേശിയായ ഇദ്ദേഹം ഷാർജയിൽ വ്യവസായിയും ചർച്ച് ഓഫ് ഗോഡ് ഇൻ ഷാർജയുടെ കോ-ഓർഡിനേറ്ററുമാണ്. ഭാര്യ വാഴൂർ പതിനാലാം മൈൽ ദൈവസഭാംഗമായിരുന്ന പരേതനായ കൊച്ചുസാറിന്റെ മകൾ ഫേബാ വിൽസൻ. മക്കൾ: മെഡ്വിൻ ജോർജ്ജ് വിൽസൻ, മിൻഡാ സാറാ വിൽസൻ.

E-mail:wilson74@eim.ae
PHONE
00971506334684

### സാക്ഷി



മുളക്കുഴയിൽ എഞ്ചിനീയറിംഗ് കോളജ് തുടങ്ങാൻ ശ്രമം

*കൈയിട്ടുവാരാൻ മറ്റൊരു ശർക്കര കുടം കൂടി*

## മരിക്കുന്നതിന് മുമ്പ് കലാഷ്നിക്കോവ് അനുതപിച്ചിരുന്നു

### പ്രകാശ് പി. കോശി



കുപ്രസിദ്ധ AK - 47 യന്ത്രതോക്ക് കണ്ടുപിടിച്ച റഷ്യക്കാരൻ മീഖയിൽ കലാഷ്നിക്കോവ് തന്റെ കണ്ടുപിടിത്തം മാനവരാശിക്ക് ദോഷമായി തീർന്നുപോയി എന്ന് അനുതപിച്ചിരുന്നു എന്ന് റഷ്യൻ ഓർത്തോഡോക്സ് സഭ ഈ അടുത്ത് പുറത്തുവിട്ട ചില കത്തുകൾ സൂചിപ്പിക്കുന്നു. 1949-ലാണ് കലാഷ്നിക്കോവ് AK - 47 തോക്ക് റഷ്യയിലെ കമ്മ്യൂണിസ്റ്റ് സേനക്കുവേണ്ടി രൂപകല്പന ചെയ്തത്. ബോംബുകളും മിസൈലുകളും ഒഴിച്ചു നിർത്തിയാൽ ലോകത്ത് ഏറ്റവും കൂടുതൽ ആളുകളെ കൊലനടത്താൻ ഉപയോഗിക്കുന്നു ആയുധം ആണ് AK - 47. ഏകദേശം ഇത്തരത്തിൽ ഉള്ള 10 കോടി തോക്കുകളാണ് ലോകത്ത് ഇതുവരെ ഉത്പാദിപ്പിക്കപ്പെട്ടത്.

2013 ഡിസംബർ 23 നാണ് തോക്കുകളുടെ ഈ നിർമാതാവ് മരണമടയുന്നത്. മരിക്കുന്നതിന് ചില മാസങ്ങൾക്ക് മുമ്പ് റഷ്യൻ ഓർത്തോഡോക്സ് സഭയുടെ പാത്രിയാർക്കിസുമായി നടന്ന കത്തിടപാടിൽ ആണ് ലോകത്തിലെ യുദ്ധ തന്ത്രങ്ങളേയും ഗറില്ലാമുറകളേയും മാറ്റിമറിച്ച AK - 47 ന്റെ കണ്ടുപിടിത്തം തന്നെ ഒത്തിരി വേദിപ്പിക്കുന്നു എന്ന് കലാഷ്നിക്കോവ് വെളിപ്പെടുത്തിയത്. "എന്റെ ആത്മാവ് വേ

04

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി

റവ. ജോർജ്ജ് വി. മേക്കാട്ട്

ചീഫ് എഡിറ്റർ

പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ

എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ

പാസ്റ്റർ ബിജു ജോയി

കോർഡിനേറ്റർ

പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ

പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 150 രൂപ

യു.എസ്.എ. & കാനഡ: $ 40

യു.കെ: £ 20

ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**

ബിലീവേഴ്സ് ജേണൽ

P.O.Box:31

Manjadi .P.O.,

Thiruvalla - 689 105

Kerala, India

Mob: 9447368795 (INDIA)

E- mail

beljourn@gmail.com

Website

www.beljourn.in

www.bjournal. Org

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# നവതി പിന്നിടുമ്പോൾ




റാന്നിയിൽ 1924 -ൽ ചെറിയ നിലയിൽ തുടക്കം കുറിച്ച് അവിടെനിന്ന് ആറാട്ടുപുഴയും പിന്നിട്ട് കുമ്പനാട്ടെത്തിയ കൺവൻഷൻ 9 പതിറ്റാണ്ടിനിപ്പുറം എത്തിനിൽക്കുന്നു. അത് മലങ്കരയിലെ പെന്തക്കോസ്തിന്റെ ചരിത്രം കൂടിയാണ്. പെന്തക്കോസ്തിന്റെ ആരംഭനാളുകളിൽ സുവിശേഷഘോഷണാർത്ഥം നടത്തിയ കൺവൻഷന് ഇത്തരത്തിലുള്ള വളർച്ച ആദ്യ കൺവൻഷന്റെ സംഘാടകർ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല. ത്യാഗമനോഭാവത്തോടെ കർത്താവിന്റെ വേല ചെയ്ത പിതാക്കന്മാരുടെ സേവനങ്ങളെ ദൈവം മാനിച്ചു എന്നതിന്റെ തെളിവാണ് കേരളത്തിലെ പെന്തക്കോസ്തിന്റെ അഭൂതപൂർവ്വമായ വളർച്ച.

സുവിശേഷത്തിന്റെ വ്യാപനത്തിനായി എന്തു ത്യാഗം സഹിക്കുന്നതിനും പിതാക്കന്മാർ തയ്യാറായപ്പോൾ ആളുകൾ കൂട്ടംകൂട്ടമായി മാനസാന്തരത്തിലേക്ക് വന്നു. പെന്തക്കോസ്ത് അവർക്ക് അനുഗ്രഹമായി. കർത്താവിനായി എന്തും നഷ്ടപ്പെടുത്തുവാൻ അവർ തയ്യാറായി. അവരുടെ ഏകലക്ഷ്യം ആത്മാക്കളുടെ രക്ഷയായിരുന്നു. പേപ്പട്ടിയെ ഓടിക്കുമ്പോലെ ഭവനങ്ങളിൽ നിന്നും ദേശങ്ങളിൽ നിന്നും അവർ ആട്ടിയോടിക്കപ്പെട്ടു. എല്ലാം ഉള്ളവരായിരുന്നിട്ടും ഒന്നും ഇല്ലാത്തവരായി അഭയാർത്ഥികളെപ്പോലെ അവർ ഭൂമിയിൽ അന്യരും പരദേശികളുമായി ജീവിച്ചു മരിച്ചു. മഹാസമ്പന്നായിരുന്നിട്ടും ദരിദ്രനെപ്പോലെ ജനിച്ചു ജീവിച്ചു മരിച്ച കർത്താവിന്റെ പാത പിന്തുടർന്നതിൽ സന്തോഷിച്ച പിതാക്കന്മാർ പെന്തക്കോസ്തിനെന്നും അഭിമാനമാണ്. കോടീശ്വരനായി ജനിച്ച പൗലോസ് തന്റെ നിര്യാണകാലം അടുത്തപ്പോൾ തനിക്കുണ്ടായിരുന്ന സമ്പാദ്യം കുറച്ചു ചർമ്മലിഖിതങ്ങളും ഒരു പുതപ്പുമായിരുന്നു. മറ്റുള്ളതെല്ലാം ക്രിസ്തുവിന്റെ നാമം നിമിത്തം നഷ്ടപ്പെടുത്തുകയാണ് പൗലോസ് ചെയ്തത്. ആധുനിക അപ്പോസ്തലന്മാർ ദരിദ്രനാരായണന്മാരായി ഇറങ്ങിത്തിരിച്ച് കോടീശ്വരന്മാരായി മാറുന്ന മാജിക്കാണ് പെന്തക്കോസ്തിലെങ്ങും. ക്രിസ്തുനാമം നിമിത്തം തങ്ങൾക്കെന്തു കിട്ടും എന്ന് തിരഞ്ഞു നടക്കുന്ന സമൂഹമായി നമ്മൾ മാറിയിരിക്കുന്നു. ക്രിസ്തുവിന്റെ നാമം നിമിത്തം നമ്മുടെ പിതാക്കന്മാർ നഷ്ടം സഹിക്കുവാൻ തയ്യാറായതാണ് പെന്തക്കോസ്തിന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടിയത്.

വേതനവും നിയോഗിക്കാനാളുമില്ലാതിരുന്ന കാലത്ത് ദൈവീക നിയോഗത്തിന്റെ ബലത്തിൽ അവർ പുറപ്പെട്ടു. ജാതികളെ, വർഗ്ഗങ്ങളെ, വംശങ്ങളെ, വിവിധ ഭാഷക്കാരെ നേടുവാൻ അവർ പുറപ്പെട്ടു. ഉപജീവനം വിഷയമായില്ല. കുഞ്ഞുങ്ങളുടെ പഠനം, താമസസൗകര്യം, കാലാവസ്ഥ ഇതൊന്നും വിഷയമാക്കാതെ പോകുവിൻ എന്ന് കല്പിച്ചവന്റെ വാക്കിനെ വിശ്വസിച്ച അവർ പുറപ്പെട്ടു. പട്ടിണിയും പരിഹാസവും ജീവിതത്തിന്റെ ഭാഗമായി അനുഭവിച്ചവർ ക്രിസ്തു നിമിത്തം കഷ്ടം സഹിപ്പാൻ ഇടയായതിൽ സന്തോഷിച്ചു. സ്ഥാപനവത്ക്കരണം അവരുടെ വിഷയമേ അല്ലായിരുന്നു. ആത്മാക്കളെ നേടുന്നതിൽ മാത്രം ശ്രദ്ധ പതിപ്പിച്ച് ദൗത്യം പൂർത്തീകരിച്ച് അവർ മരിച്ച് വിശ്രമനാട്ടിലേക്കു യാത്രയായി. ഒരു തലമുറയ്ക്ക് പെന്തക്കോസ്ത് അനുഭവമായപ്പോൾ പിന്നീടു വന്ന തലമുറയ്ക്ക് അത് അനുകരണമായി. പിന്നാലെ വന്ന തലമുറ അത് അഭിനയമാക്കിയപ്പോൾ പെന്തക്കോസ്ത് പ്രസ്ഥാനം മറ്റ് സമൂഹത്തിന് മുമ്പ് നൽകിയതിൽ നിന്ന് വ്യത്യസ്തമായ സന്ദേശം നൽകുന്നവരായി.

എന്തെല്ലാം പിതാക്കന്മാർ ത്യജിച്ചുവോ അതിനെയെല്ലാം ആഞ്ഞുപുൽകി പിൻഗാമികൾ നെഞ്ചു വിരിച്ച് സമൂഹത്തോടൊപ്പം നിന്നു. തങ്ങളിൽ നിന്ന് പറയത്തക്ക വ്യത്യാസമില്ലാത്തവരെ സ്വീകരിക്കുന്നതിന് മറ്റു സമുദായക്കാർക്കും ജാതികൾക്കും രാഷ്ട്രീയക്കാർക്കും മാഫിയകൾക്കും ബുദ്ധിമുട്ടില്ലാതായി. നവതി പിന്നിടുമ്പോൾ നാം അഭിമാനപൂർവ്വം ഉയർത്തിക്കാട്ടുന്ന പലതും സമൂഹത്തിന് ബോധ്യമാകുമെങ്കിലും സർവ്വജ്ഞാനിയായ ദൈവസന്നിധിയിൽ വിലപ്പോകുമോ? അത്തിതളിർത്തു മുന്തിരികെട്ടു എന്ന തല്ലേ യാഥാർത്ഥ്യം. ബാഹ്യമായ തളിർപ്പിന്റെ ലക്ഷണങ്ങൾ കാട്ടുമ്പോഴും ആത്മീയത ഇന്ന് അന്യം നിന്നിരിക്കുന്നു. വേണ്ടേ നമുക്കും ഒരു മടങ്ങിവരവ്. ഈ നവതി വർഷത്തിൽ സ്വയശോധനയ്ക്കായി ദൈവസന്നിധിയിൽ താഴാം.

**വിധിയും വിചാരണയും**

# "കുമ്പനാട്ട് ഇന്ന് ചിലത് നടക്കും"



രാജു ആനിക്കാട്
9446187207

പെന്തക്കോസ്ത് പ്രസംഗങ്ങൾ കേൾക്കാൻ ഇത് സുവർണ്ണകാലഘട്ടമാണ്. ദുരുപദേശങ്ങളുടെ കെട്ടഴിച്ച് നവസുവിശേഷ സംഘങ്ങൾ ആശയകുഴപ്പങ്ങൾ സൃഷ്ടിക്കുന്നയിടത്ത് സത്യവചനത്തിന്റെ പൊരുൾ അറിയാനാണ് പെന്തക്കോസ്ത് യോഗങ്ങളിൽ ആൾതിരക്കേറുന്നത്. തൊണ്ണൂറുകളിലാണ് പെന്തക്കോസ്ത് വിശ്വാസികളെ ആശയക്കുഴപ്പത്തിലാഴ്ത്തുന്ന ഗുരുതരമായ വചനവ്യാഖ്യാനങ്ങൾ കൂടുതലും അരങ്ങേറ്റം നടത്തിയത്. അതിന്റെ ഏറ്റവും കടുത്ത പ്രയോഗങ്ങൾ കൃപയുടെ സുവിശേഷത്തിന്റെ പേരിൽ സമീപ ആഴ്ചകളിൽ രംഗത്തു വന്നിരുന്നു. ഈ ആശയപരമായ സ്നിഗ്ദ്ധാവസ്ഥയിലാണ് നമ്മുടെ മഹായോഗങ്ങളും അനുബന്ധ ആത്മീക സമ്മേളനങ്ങളുമൊക്കെ നടക്കുന്നത്. എല്ലാവരും അല്ലെങ്കിലും കുറേപ്പേരെങ്കിലും പെന്തക്കോസ്ത് ആശയങ്ങളുടെ അടിത്തറയിളക്കുന്ന ഇത്തരം വ്യാജപ്രചാരങ്ങളോട് നമ്മുടെ പ്രഭാഷകരുടെ നിലപാടും പ്രതികരണവും അറിയുവാനാണ് യോഗങ്ങളിലെത്തുക. അതിനനുസരിച്ച് പ്രഭാഷണങ്ങൾ ക്രമീകരിക്കേണ്ട ഒരു ഉത്തരവാദിത്വം കൂടെ നമുക്കുണ്ടെന്ന് ഓർക്കണം.

ചിലകാലങ്ങളായി പെന്തക്കോസ്ത് പ്രഭാഷണവേദിയെ നവപ്രവണതകളുടെ ആട്ടവും ചാട്ടവും സ്വാധീനിച്ചിരുന്നു. അതുകൊണ്ടാണ് പരമ്പരാഗത പെന്തക്കോസ്ത് വ്യാഖ്യാനരീതിയെ അതിലംഘിച്ചുകൊണ്ട് നമ്മുടെ വേദികൾ വൈകാരിക പ്രാധാന്യമുള്ള വിഷയങ്ങളും ആശയവിനിമയ രീതിയും അവലംബിക്കാൻ കാരണം. എന്നാൽ സമീപകാലത്ത് പ്രബുദ്ധരായ വിശ്വാസീ സമൂഹം ഈ അപക്വമായ പ്രഭാഷണരീതിയോട് മുഖംതിരിച്ചു തുടങ്ങിയിരുന്നു. ഇപ്പോഴത്തെ നിരീക്ഷണം അനുസരിച്ച് ഈ വൈകാരിക പ്രാധാന്യം ഉള്ള പ്രഭാഷണരീതിക്ക് അധികകാലം പിടിച്ചുനിൽപ്പില്ലെന്നു തന്നെയാണ് മനസ്സിലാകുന്നത്. എന്നിട്ടും നമ്മുടെ മുഖ്യധാര സമ്മേളനങ്ങളിൽ പോലും ചിലർ കഴമ്പില്ലാത്ത വാചകമേളയുമായി മുന്നേറുകയാണ്. ഇതിന് ഒരു അവസാനം ഉണ്ടാകേണ്ടിയിരിക്കുന്നു.

വചനവ്യാഖ്യാനത്തിന് എന്നും നമുക്ക് ഉദാത്ത മാതൃക യേശുക്രിസ്തു തന്നെയായിരുന്നു. യേശുക്രിസ്തുവിന്റെ രീതി പിന്തുടരുകയായിരുന്നു നല്ല അപ്പൊസ്തലൻ. ക്രിസ്തു തിരുവെഴുത്തുകളെ തെളിയിച്ചുകൊടുക്കുന്ന ഘട്ടത്തിൽ തന്റെ ശ്രോതാക്കളുടെ ഉള്ളത്തിൽ ആത്മീക അഗ്നി കത്തുകയായിരുന്നു. വസ്തുനിഷ്ഠമായ വചനവ്യാഖ്യാനം ഇന്നും ജനങ്ങളിൽ ആത്മീകതയുടെ തീപ്പൊരി സൃഷ്ടിക്കും. അത് അകത്തു നടക്കുന്ന ഒരു പ്രതിഭാസമാണ്. അതിന്റെ പ്രതിഫലനം വ്യക്തിയിലും വ്യക്തിയിൽ നിന്ന് സമൂഹത്തിലേക്കും വ്യാപിക്കും. അങ്ങനെയൊരു വചനവ്യാപനത്തിന്റെ അപര്യാപ്തതയാണ് നാം ഇന്നു കാണുന്നത്.

പെന്തക്കോസ്ത് പ്രഭാഷകർ വെറും ആവേശകമ്മറ്റികളായി മാറുന്നതിന്റെ ജാള്യം പൊതുജനത്തിന്റെ മുഖത്തു നോക്കിയാൽ മനസ്സിലാകും. അകക്കാമ്പില്ലാതെ ആവേശം വിതറാൻ ശ്രമിക്കുന്നത് വെറും വിഡ്ഢിത്തമാണ്. വസ്തുതകൾ ആത്മസാന്നിധ്യത്തിൽ വളച്ചുകെട്ടോ ദുർഗ്രഹതയോ ഇല്ലാതെ പറഞ്ഞാൽ അറിയാതെ ജനം ഉണരും. അത്തരമൊരു ആത്മീക സ്പർശനം നമ്മുടെ വേദികളിൽ ഇല്ലാതെ പോകുന്നതിൽ നാം ഇനിയെങ്കിലും ദുഃഖിക്കേണ്ടതുണ്ട്.

എന്തുകൊണ്ടാണ് നമ്മുടെ പ്രഭാഷകർ ഇങ്ങനെ അധഃപതിക്കുന്നത്. ഓരോ വേദികളിലും കയറുമ്പോൾ വചനത്തിനാണ് ശക്തിയെന്ന് പ്രഭാഷകൻ മനസ്സിലാക്കേണം. പ്രഭാഷകന്റെ പെർഫോമെൻസും ശക്തിരാഹിത്യവും ഒന്നും വചനത്തിന് ബാധകമേയല്ല. നാം എന്തെങ്കിലും ആകാൻവേണ്ടി ക്രിസ്തീയ പ്രഭാഷണത്തിൽ അത് വൻപരാജയം ആയിരിക്കും. വചനശുശ്രൂഷയുടെ ക്ലൈമാക്സ് നിശ്ചയിക്കുന്നത് പ്രസംഗകനല്ല. അത് പരിശുദ്ധാത്മാവിന് വിട്ടുകൊടുക്കേണം. ആത്മനിയന്ത്രണമെന്നത് പ്രസംഗകന്റെ നിയന്ത്രണമല്ല. പ്രസംഗത്തിന്റെ എഡിറ്റിംഗ് നിർവ്വഹിക്കുന്നത് പരിശുദ്ധാത്മാവായിരിക്കേണം. എഡിറ്റിംഗും പ്രസന്റേഷനും ഒക്കെ പരിശുദ്ധാത്മാവ് ഏറ്റെടുക്കുന്ന ഒരു പ്രസംഗം മാത്രമേ ശ്രോതാക്കൾ ഏറ്റെടുക്കുകയുള്ളൂ. അല്ലാത്തവയെല്ലാം വെറും വാചകമടിയായി പര്യവസാനിക്കുന്നു.

മൈക്ക് കൈയിൽ എടുക്കുന്ന ഉടൻ ഇന്നിവിടെ ചിലത് നടക്കും എന്ന ഈ വെറുംവാക്ക് എത്രയോ കാലമായി നമ്മൾ കേൾക്കാൻ തുടങ്ങിയിട്ട്. ഇത് ഇനിയെങ്കിലും അവസാനിപ്പിക്കേണം. എന്ത്, എന്ന്, എവിടെ നടത്തേണമെന്ന് നിശ്ചയിക്കുന്നത് സർവ്വജ്ഞനായ ദൈവമാണ്. അതിന്റെ കുത്തക കൂടെ പ്രസംഗകൻ ഏറ്റെടുക്കരുത്. കൈതട്ടി കുറെനേരം സ്തോത്രാരവം മുഴക്കിയില്ലെങ്കിൽ എന്തോ സംഭവിച്ചു എന്ന മട്ടിലാണ് നമ്മുടെ ഇരിപ്പ്. സദസ്സിന്റെ ബഹളത്തിൽ എന്തും വിളിച്ചുപറയുവാനുള്ള ഒരു ധൈര്യം സംഭരിക്കലാണ് പലരും. വാസ്തവത്തിൽ കുറെ ബഹളം ഉണ്ടാക്കിയില്ലെങ്കിൽ ആത്മീയത ഇല്ലെന്ന ചിന്ത തെറ്റിദ്ധാരണ മാത്രമാണ്. നാം എല്ലാറ്റിനും യേശുവിനെയും അപ്പൊസ്തലന്മാരെയും അനുകരിക്കുന്നവരാണല്ലോ. അപ്പൊസ്തലിക കാലഘട്ടത്തിലെ പ്രസംഗത്തിൽ എവിടെയാണ് ഇന്ന് ചിലത് നടക്കാൻ പോകുന്നുവെന്നു പറഞ്ഞത്. എവിടെയാണ് കൈയടിയുടെയും സ്തോത്രാരവത്തിന്റെയും അകമ്പടിയുണ്ടായിരുന്നത്. യഥാർത്ഥവചനവ്യാഖ്യാനത്തിങ്കൽ ഇതൊക്കെ ഉണ്ടായിരിക്കണം. പക്ഷെ ഇത് സൃഷ്ടിക്കലാകരുത്. ഇതിൽ നിന്നൊക്കെ ഒരു മുന്നേറ്റം നമുക്കാവശ്യമാണ്. വചനം പ്രസംഗിക്കുക. ബാക്കി പരിശുദ്ധാത്മാവ് നിർവഹിച്ചുകൊള്ളും. ഇന്നിവിടെ ചിലത് നടക്കും എന്ന് പറയുന്നത് ഭാവികാലത്തിലാണല്ലോ. അതുകൊണ്ട് ഇന്ന് നടന്നില്ലെങ്കിലും നാളകളിൽ സംഭവിക്കും എന്ന് ആശ്വസിക്കാം.

വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

ഭാഗം: ഒന്ന്

- തുടർച്ച-



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

**തിമോഥെയോസിന്റെ ഒടുവിലത്തെ നാളുകൾ**

സുവിശേഷഘോഷണത്തിൽ പൗലോസിനോടുകൂടി വളരെ കഷ്ടത അനുഭവിച്ചതായ തിമൊഥെയോസിനെപ്പറ്റി പറയുന്നത് ഇങ്ങനെയാണ്.എഫെസോസ് സഭയുടെ പ്രഥമ ബിഷപ്പായിരുന്നു തിമഥെയോസ് എന്നും സഭാചരിത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന യുസേബിയസിന്റെ ചരിത്രരേഖകളിൽ കാണുന്നു. പാരമ്പര്യമനുസരിച്ച് എഫസൊസിലെ പ്രധാനക്ഷേത്രമാകുന്ന അർത്തെമിസ് മഹാദേവിയുടെ ഉത്സവദിനത്തിൽ ആർത്തട്ടഹസിച്ചു മുന്നേറിയ ജനത്തെ തടുക്കുവാൻ ശ്രമിച്ചതിനാൽ കൊലചെയ്യപ്പെട്ടു എന്നു വിശ്വസിക്കപ്പെടുന്നു. ക്രിസ്തുവിനു വേണ്ടി സ്വന്തജീവൻ പോലും ബലികൊടുത്തു വിശ്വാസം കാത്തു സൂക്ഷിച്ചതായ ഒരു ഭക്തനാണ് തിമഥെയോസ്. റോമൻ ചക്രവർത്തിയായിരുന്ന ഡോമിഷിന്റേയോ നേർപോയുടേയോ കാലത്താണ് താൻ രക്തസാക്ഷിയായി മരണം വരിച്ചത്. തിമഥെയോസിന്റേതെന്ന് വിശ്വസിക്കപ്പെടുന്ന ഭൗതികാവശിഷ്ടങ്ങൾ കോൺസ്റ്റാന്റിനേപ്പിലേക്ക് ഏ.ഡി. 365- ൽ മാറ്റി എന്ന് നാലാം നൂറ്റാണ്ടിലെ ചില രേഖകളിൽ കാണുന്നു.

**തിമോഥെയോസിനുള്ള ഒന്നാം ലേഖനത്തിൽ ദൈവഭക്തിയേക്കുറിച്ചുള്ള പരാമർശങ്ങൾ**

ശുശ്രൂഷകനായ തിമഥെയോസിനു ശ്രേഷ്ഠ ശുശ്രൂഷകനായ പൗലോസ് ദൈവഭക്തിയെക്കുറിച്ച് പലകാര്യങ്ങളും പ്രസ്താവിച്ചിട്ടുണ്ട്- അവ അല്പമായി ചിന്തിക്കാം-

1. എന്നാൽ സകല മനുഷ്യർക്കും നാം സർവ്വഭക്തിയോടും ഘനത്തോടും സാവധാനതയും സ്വസ്തയുമുള്ള ജീവനം കഴിക്കേണ്ടതിനു വിശേഷാൽ രാജാക്കൻമാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യണം എന്നു ഞാൻ സകലത്തിനും മുൻപേ പ്രബോധിപ്പിക്കുന്നു. അതു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവുമാകുന്നു. 1 തിമോ : 2;1-3

സർവ്വഭക്തിയോടും ഘനത്തോടും കൂടെ സാലധാനതയും സ്വസ്ഥതയുമുള്ള ജീവിതം നയിക്കേണ്ടതിന് അനുകൂലമായ രാഷ്ട്രീയ അന്തരീക്ഷം ലഭിക്കുന്നതിന് ഭരണാധികാരികൾക്കും രാജാക്കന്മാർക്കും പ്രാർത്ഥിക്കണമെന്നാണ് അപ്പോസ്തലൻ ഉപദേശിക്കുന്നത്. ക്രിസ്തീയസഭയുടെ ചരിത്രം പഠിക്കുമ്പോൾ ക്രൈസ്തവ വിശ്വാസവും ക്രൈസ്തവസഭയും ഉടലെടുത്തത് പീഡനത്തിലാണ്. ക്രിസ്തുവിന് വേണ്ടി ഒന്നാമതായി രക്തസാക്ഷിയായ സ്തെഫാനോസും അപ്പോസ്തലന്മാരിൽ ഒന്നാമതായി രക്തസാക്ഷിയായ യോഹന്നാന്റെ സഹോദരനായ യാക്കോബും ഇതിനുദാഹരണങ്ങളാണ്, നാറോയുടെ കാലം മുതൽ ക്രിസ്തീയ വിശ്വാസികൾ വലിയ പീഡനത്തിലൂടെയാണ് കടന്നുപോയത്. സഭാചരിത്രം പഠിച്ചാൽ വലിയാപത്തുപീഡകൾ ക്രിസ്തീയ സഭയ്ക്കു ഉണ്ടായതായി മനസ്സിലാക്കാം. ഇന്നും ഭരണാധികാരികളിൽ നിന്നും പലരാജ്യങ്ങളിലും പീഡനം നേരിട്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞവർഷം അനേക ക്രൈസ്തവർ വിശ്വാസത്തിനുവേണ്ടി ജീവൻ ത്യജിക്കുകയും ലക്ഷത്തിലധികം പേർ അറസ്റ്റു ചെയ്യപ്പെടുകയും ചെയ്തു. മതസ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ ഏറ്റവും ഗുരുതരമായ പ്രശ്നങ്ങളാണ് ആഫ്രിക്കൻ രാജ്യങ്ങളിലും ചൈന, ക്യൂബ, വടക്കൻകൊറിയ, ഗൾഫ് നാടുകൾ വിയറ്റ്നാം എന്നിങ്ങനെ പല രാജ്യങ്ങളിലും നടന്നുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലും ഇത്തരം പീഡനങ്ങളും മതസ്വാതന്ത്ര്യവും കുറഞ്ഞുകൊണ്ടിരിക്കുകയാണ്, ഇത്തരുണത്തിൽ ദൈവമക്കൾ പ്രാർത്ഥിക്കുകയും ഭരണാധികാരികൾക്കു ബുദ്ധിയും പരിജ്ഞാനവും വിവേകവും നൽകേണ്ടതിനും ജനങ്ങൾ സമാധാനത്തിലും സംതൃപ്തിയിലും ജീവിക്കേണ്ടതിനും പ്രാർത്ഥിക്കണം.

അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കണം. പിന്നിയ തലമുടി, പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം എന്നിവ കൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്കു ഉചിതമാകുംവണ്ണം സൽപ്രവൃത്തികളെ കൊണ്ടത്രെ അലങ്കരിക്കേണ്ടത്, 1 തിമോ:2:9-10

ശരീരത്തിന്റെ നഗ്നത മറയ്ക്കുവാനാണ് ദൈവം മനുഷ്യന് വസ്ത്രം നല്കിയത്, ഉല്പ:3:2, നഗ്നത വെളിപ്പെടുത്തുവാനല്ല ദൈവദൂതൻമാർപോലും വസ്ത്രം ധരിച്ചാണ് ദൈവസന്നിധിയിൽ നിൽക്കുന്നത്. മത്താ: 28:3, അപ്പോ. പ്ര. 10:3, 30 സന്നിധിയിൽ നിൽക്കുന്നത് സഹോദരിമാരുടെ വസ്ത്രം എല്ലാ നിലയിലും യോഗ്യവും മാന്യവും ആയിരിക്കണം. കണ്ണാടി അലമാരയിലെ പലഹാരം പോലെ ശരീര അവയവങ്ങളെ വെളിപ്പെടുത്തുന്ന വസ്ത്രങ്ങൾ ധരിച്ചു മറ്റുള്ളവരെ ആകർഷിക്കുവാനോ പ്രലോഭിപ്പിക്കുവാനോ ദൈവമക്കൾ ശ്രമിക്കരുത്. മോടിയുള്ള വസ്ത്രത്തിൽ പലപ്പോഴും അഹങ്കാരമുള്ള ഹൃദയം മറഞ്ഞിരിക്കും. മറ്റുള്ളവരിൽ പാപചിന്തയും ഉണർത്തും.

---

കൃപയുടെ സുവിശേഷം പ്രതികരണം

# തന്ത്രപരമായി ദുരുപദേഷ്ടാക്കൾ ദൈവജനം കൂടുതൽ ജാഗ്രത പുലർത്തുക

സ്കറിയാ ഡി. വർഗീസ്

ഏദനിൽ മോഹന വാഗ്ദാനങ്ങൾ നൽകി നരവംശത്തെ പാപത്തിൻ കീഴാക്കിയ പിശാച് ആധുനിക ദുരുപദേശകരിലൂടെ അതേ തന്ത്രം വീണ്ടും ഉപയോഗിക്കുന്നു. യോഹന്നാൻ എഴുതി "കള്ളപ്രവാചകൻമാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കയാൽ ഏതാത്മാവിനേയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്ന് ശോധന ചെയ്വിൻ. ദൈവാത്മാവിനെ ഇതിനാൽ അറിയാം"(യോഹ: 4: 1,2)

ലോകത്തിൽ ഇതരഭാഗങ്ങളേക്കാളും ഉപരിയായി സത്യ സുവിശേഷം അതിന്റെ എല്ലാവിധ നിർമ്മലതയോടും കൂടി ലഭിക്കപ്പെടുവാൻ ഭാഗ്യം ലഭിച്ച നാടാണ് നമ്മുടെ കേരളം. ഒന്നാം നൂറ്റാണ്ടിൽ മർക്കോസിന്റെ മാളിക മുറിയിൽ നിന്നും കത്തിപ്പടരുവാൻ ആരംഭിച്ച പെന്തക്കോസ്തിന്റെ ഉണർവ്വ്- ഉപദേശവിശുദ്ധിക്ക് യാതൊരു കോട്ടവും വരാതെ കഷ്ടതയുടെ കഠിനശോധനകളെ അതിജീവിച്ച് നൂറ്റാണ്ടുകൾ പിന്നിട്ട് തലമുറകൾ കൈമാറി ജോർജ്ജ്. ഇ. ബർഗിന്റെയും, കുക്കുസായിപ്പിന്റേയും ഉണ്ണുണ്ണി സാറിന്റേയും കരങ്ങളിൽ മലയാള മണ്ണിലും സ്ഥാപിച്ചു. ഇതു പറയുമ്പോൾ ഒരു കാര്യം നാം അറിയാതിരിക്കരുത്- പെന്തക്കോസ്ത് 20-ാം നൂറ്റാണ്ടിന്റെ നവപ്രതിഭാസം അല്ല ചരിത്രത്തിൽ കാര്യമായ സ്ഥാനം നേടാതെ പോയ അനേകം ഭക്തശിരോമണികളെ എല്ലാ നൂറ്റാണ്ടുകളിലും പെന്തക്കോസ്തിന്റെ ദൂതു വാഹകരായി പരിശുദ്ധാത്മാവ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിർത്തിയിരുന്നു.

സത്യസുവിശേഷത്തിനു നല്ല വേരോട്ടം ലഭിച്ച ഈ കേരളമണ്ണിൽ ഇന്ന് വ്യാജസുവിശേഷകരായ ദുരുപദേഷ്ടാക്കൾ അരങ്ങു തകർക്കുന്നു. വേർപെട്ട സമൂഹം എന്ന ലേബലിൽ നിൽക്കുന്ന ഇവർ ആട്ടിൻ തോലിട്ട ചെന്നായ്ക്കളാണ് എന്ന് നാം അറിയാതിരിക്കരുത്. "പെന്തക്കോസ്തിന്റെ അമരക്കാർക്ക് എന്തോ കാതലായ തെറ്റുകൾ പറ്റി എന്നും ആയതിനാൽ പെന്തക്കോസ്തിന്റെ പാരമ്പര്യം വിട്ട് അനുഗ്രഹം പ്രാപിക്കേണം എന്നും മറ്റും ഇക്കൂട്ടർ പറഞ്ഞുനടക്കുന്നു.'' ദൈവശാസ്ത്രവും ആത്മീയതയും എതിർദിശകളിലായതിനാൽ ബുദ്ധിയിൽ ആശ്രയിക്കാതെ കൃപയാലുള്ള അനുഗ്രഹം കൈവശമാക്കണം എന്നുമൊക്കെയാണ് ഇവരുടെ പൊതു തത്വങ്ങൾ.

ഇതൊക്കെ കേൾക്കുമ്പോൾ ഈ പറയുന്നതിലും അല്പമൊക്കെ കാര്യം ഇല്ലേ എന്നും പാരമ്പര്യവും യുക്തിയുമൊന്നും ദൈവവചനവുമായി യോജിക്കയില്ലല്ലോ എന്നുമൊക്കെ നാമും ചിന്തിക്കുക സ്വഭാവികം. എന്നാൽ ഇവരിൽ പലരേയും ന്യായീകരിക്കുവാൻ (കേരളത്തിലെ പല ദുരുപദേഷ്ടാക്കളും മുഖ്യധാരാ പെന്തക്കോസ്ത് സമൂഹം പുറത്താക്കിയവരോ അവരുടെ ശിഷ്യരോ ആണ്) നമുക്കിടയിൽ തന്നെ നിൽക്കുന്ന ചില ശുശ്രൂഷകർ ശ്രമിക്കുന്നു എന്നത് ഭയാനകമത്രേ. പൗലോസ് എഴുതുന്നു "സകലവും ശോധന ചെയ്ത് നല്ലതു മുറുകെ പിടിപ്പിൻ" (1 തെസ്സ 5: 22)

ആധുനിക ദുരുപദേശകരുടെ പൊതു ആരോപണ, തത്വങ്ങൾ നമുക്ക് ഒന്നു വിശദമായി സംസാരിക്കാം. ഈ തത്വങ്ങളിൽ നിന്നുകൊണ്ടാണ് ബാക്കി എല്ലാവിധ വെളിവുകേടുകളും ഇവർ പ്രചരിപ്പിക്കുന്നത്.

(1) പെന്തക്കോസ്തിന്റെ അമരക്കാർക്ക് എന്തോ വലിയ തെറ്റു പറ്റി.

സഭയുടെ അമരക്കാരനായ ദൈവാത്മാവ് കാലാകാലങ്ങളിൽ ഈ വിശുദ്ധിയുടെ ദീപശിഖകരങ്ങളിലേന്തുവാൻ അനേകമനേകം ഭക്തൻമാരെ ഉപയോഗിച്ചു. പ്രാരംഭകാല നേതാക്കൾക്ക് ഉപദേശപരമായ തെറ്റ് പറ്റി എങ്കിൽ വെറുതെ വാചകമടിക്കാതെ ആർക്ക് എവിടെ എന്തു തെറ്റുപറ്റിയെന്ന് സത്യവേദപുസ്തക അടിസ്ഥാനത്തിൽ സാമാന്യ മനുഷ്യനു മനസ്സിലാകുന്ന രീതിയിൽ തെളിയിക്കുവാനുള്ള തന്റേടം കാണിക്കണം. പൗലോസിനു തെറ്റുപറ്റിയോ? ബർഗ്ഗിനും കുക്കുസായിപ്പിനും, ഉണ്ണുണ്ണി സാറിനും ഒക്കെ ഒത്തിരി തെറ്റു പറ്റി എന്നാണു പറയുന്നത് എങ്കിൽ- വിവേകം മറച്ചുവെച്ച് വികാരതീവ്രതയിൽ വായിൽ വരുന്ന എന്തു വെളിവുകേടും പ്രമാണമായി വിളിച്ചു കൂവാതെ- തിരുവചനമാകുന്ന അളവുകോൽ ഉപയോഗിച്ച് അതു തെളിയിക്ക്.

അത്ഭുതങ്ങൾ നടക്കുന്നു എന്നത് പരിപാവന ഉപദേശത്തിൽ മായം കലർത്തുവാൻ മതിയായ കാരണം അല്ല. ഇവിടെ ശബരിമലയിലും, വേളാങ്കണ്ണിയിലും, തിരുപ്പതിയിലും ഇതിലും വലിയ അത്ഭുതങ്ങൾ നടക്കുന്നുണ്ട്. "ദൈവാത്മാവ്- ദൈവവചനപരിധിക്ക് പുറത്ത് ഒരിക്കലും പ്രവർത്തിക്കുകയില്ല." ശ്രദ്ധിക്കുക "ഞാൻ എന്റെ നിയമത്തെ ലംഘിക്കുകയോ എന്റെ അധരങ്ങളിൽ നിന്നു പുറപ്പെട്ടതിനു ഭേദം വരുത്തുകയോ ചെയ്കയില്ല" (സങ്കീ: 89:34)

(2) പെന്തക്കോസ്തിന്റെ പാരമ്പര്യം ഉപേക്ഷിക്കേണം.

കേൾക്കുമ്പോൾ വളരെ ശരിയല്ലേ എന്നു തോന്നുക സ്വഭാവികം. പള്ളിയും പാരമ്പര്യവും, നാമധേയ കൂട്ടവും ഒക്കെ വിട്ടിറങ്ങിയവരാണല്ലോ നാം പിന്നെ എന്തിന് പിന്നേയും പാരമ്പര്യം മുറുകെ പിടിക്കേണം. എന്നാൽ ഈ ഉപദേശം വലിയ ദുരുപദേശങ്ങളിലേക്കു ജനത്തെ എത്തിക്കുന്ന ചാലുകളാണ് എന്നറിയുമ്പോഴാണ് ഇതിൽ മറഞ്ഞിരിക്കുന്ന ചതിവ് നമുക്ക് മനസ്സിലാകുക. എന്നാൽ കേട്ടുകൊൾക ഒരു പാരമ്പര്യ പെന്തക്കോസ്തുകാരൻ എന്നതിൽ നാം അഭിമാനിക്കേണം. എന്താ അത്ര ചെറിയകാര്യം വല്ലതുമാണോ ? ഒന്നാം നൂറ്റാണ്ടിൽ മർക്കോസിന്റെ മാളിക മുറിയിൽ നിന്നും ആരംഭിക്കുന്നു ഈ അതിശ്രേഷ്ഠ ഉപദേശ പാരമ്പര്യം. കൊടിയ പീഢനങ്ങളുടെ നടുവിൽ നട്ടെല്ലു നിവർത്തി ഉപദേശത്തിനു വേണ്ടി നിന്ന കോടിക്കണക്കിനു ധീരരക്ത സാക്ഷികൾ കൈമാറിയ ശ്രേഷ്ഠമായ പാരമ്പര്യം. പൗലോസ് മരണം കൺമുൻപിൽ കണ്ടുകൊണ്ട് എഴുതി "നിന്നെ തന്നെയും ഉപദേശത്തേയും സൂക്ഷിച്ചു കൊൾക "(1 തിമോ 4:16). പെന്തക്കോസ്തിന്റെ ശ്രേഷ്ഠ പാരമ്പര്യത്തെ പുച്ഛിക്കുന്നവർ വസ്തുതാപരമായി പെന്തക്കോസ്തിനെ തന്നെയാണ് തള്ളി പറയുന്നത് എന്ന കാര്യം മറക്കരുത്.

(3) ആത്മീയതയും ദൈവശാസ്ത്രവും രണ്ട് എതിർദിശകളിലാണ് പോകുന്നത് ആയതിനാൽ ബുദ്ധിയിൽ ആശ്രയം വയ്ക്കാതെ കൃപയാൽ ലഭ്യമായ അനുഗ്രഹങ്ങൾ കൈവശമാക്കുക.

ദൈവശാസ്ത്രം എന്ത് എന്നറിയാത്തവരോ അറിഞ്ഞിട്ടും കണ്ണടച്ച് ഇരുട്ടാണ് എന്നു വാദിക്കുന്നവരോ ആണ് ഈ വെളിവുകേട് പ്രചരിപ്പിക്കുന്നത്. ഇതിനെ രണ്ടിനേയും എതിർ ദിശയിൽ കാണുന്നവരാണ് ദുരുപദേശവക്താക്കളായി അധപതിക്കുന്നത്. ദൈവത്തെ ബുദ്ധികൊണ്ട് മനസ്സിലാക്കുവാൻ കഴിയുമോ? വിശ്വാസം നിമിത്തമല്ലേ നാം ദൈവത്തേ അറിയേണ്ടത്? എന്നീ സംശയങ്ങൾ ഇതു കേൾക്കുമ്പോൾ നമുക്കുണ്ടാകാം. എന്നാൽ കേൾക്കൂ പ്രിയരെ വിശ്വാസം എന്നതിന് വളരെ ലളിതമായ ഒരു നിർവചനം പരിശുദ്ധാത്മാവ് നമുക്ക് നൽകുന്നുണ്ട്. "വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു" (എബ്ര 11: 1) വ്യക്തമായി പറഞ്ഞാൽ സത്യമല്ലാത്ത, ഇല്ലാത്ത ഒരു കാര്യം ഉണ്ട് എന്നു സ്ഥാപിക്കലല്ല വിശ്വാസം. പുതിയനിയമ ഉപദേശങ്ങളുടെ ഏറ്റവും ലളിതമായ രൂപമാണ് പത്രോസ് ആദ്യ പ്രസംഗത്തിൽ വിവരിച്ച ഏഴ് അടിസ്ഥാന ഉപദേശങ്ങൾ. (പ്രവൃ: 2: 38-42) എന്നാൽ ഈ അടിസ്ഥാന ഉപദേശങ്ങളെ സാമൂഹികശാസ്ത്രം, മനശാസ്ത്രം, ലോജിക്, പുരാവസ്തു ശാസ്ത്രം, ചരിത്രം എന്നിവയോട് ചേർത്ത് ക്രമീകൃതമായി വിശദീകരിക്കപ്പെടുമ്പോഴാണ് അത് വ്യവസ്ഥാപിത ദൈവശാസ്ത്രം (ക്രമീകൃതദൈവശാസ്ത്രം) എന്ന നിലയിലേക്ക് ഉയരുന്നത്. അല്പം കൂടി വ്യക്തമായി പറഞ്ഞാൽ "വിശുദ്ധ ബൈബിൾ പൂർണ്ണമായും ദൈവസൃഷ്ടിയായ മനുഷ്യന്റെ ബുദ്ധിക്ക് നിരക്കുന്നതാണ്." തിരുവചനം ശ്രദ്ധിക്കുക "തിരുവെഴുത്തുകളെ തിരിച്ചറിയേണ്ടതിന് അവരുടെ ബുദ്ധിയെ തുറന്നു " (യോഹന്നാൻ 24:45) എന്നത്രേ രേഖപ്പെടുത്തിയിരിക്കുന്നത്. ബുദ്ധി അടഞ്ഞപ്പോൾ ശിഷ്യഗണത്തിന് ഗുരുവിനെ തിരിച്ചറിയാൻ കഴിഞ്ഞില്ല. എന്നാൽ അവരുടെ ബുദ്ധി തുറക്കപ്പെട്ടപ്പോൾ ദൈവപുത്രനെ അവർ തിരിച്ചറിഞ്ഞു.

ആത്മീയ ഗോളത്തിൽ ഇന്നു കാണുന്ന ഏതുതരം പുതുശുശ്രൂഷകളേയും, ഉപദേശങ്ങളേയും തിരുവചന പ്രമാണമായ ബൈബിൾ എന്ന അളവുകോൽ ഉപയോഗിച്ച് നാടൻ ഭാഷയിൽ പറഞ്ഞാൽ "തലനാരിഴ കീറി തന്നെ പരിശോധിച്ച് വചനവുമായി യോജിക്കുന്നതു മാത്രമേ സ്വീകരിക്കാവൂ" പൗലോസ് എഴുതുന്നു "ഒരുത്തൻ വന്നു ഞങ്ങൾ പ്രസംഗിക്കാത്ത മറ്റൊരു യേശുവിനെ പ്രസംഗിക്കുകയോ നിങ്ങൾക്കു ലഭി

04

ചോദ്യോത്തര വേദി

# ലൈംഗീക ദുർന്നടപ്പും ദൈവവചനവും



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

**ചോദ്യം:** ഇന്റർനെറ്റും സെൽഫോണും നിത്യജീവിതത്തിന്റെ ഭാഗമായശേഷം സ്ത്രീപുരുഷ സൗഹൃങ്ങൾ വളരെ കൂടിയിട്ടുണ്ട്. സ്ത്രീകൾ സ്വാതന്ത്ര്യത്തോടെ **ഏകയായി** പഠനത്തിനും ജോലിക്കും ഉല്ലാസത്തിനുമായി വിദേശയാത്രകൾ നടത്തുന്നു. ഈയൊരു സാമൂഹ്യ അന്തരീക്ഷത്തിൽ പരസ്പര സമ്മതത്തോടുകൂടിയ ലൈംഗീക ബന്ധം ഒരു തെറ്റായി (പാപമായി) ക്രിസ്തീയ നേതാക്കന്മാർ പോലും കരുതുന്നില്ല. രക്തബന്ധത്തിലുള്ളവർ തന്നെ (സഹോദരീ സഹോദരന്മാർ തമ്മിലും) നിർബന്ധത്താലും സ്നേഹത്താലും ലൈംഗീകമായി ഇക്കാലത്ത് ഇടപെടുന്നു. സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവവചനം (സങ്കീർത്തനം 119:89) ഈ അവസ്ഥയെ എങ്ങനെ വിലയിരുത്തുന്നു?

– ജൂബിൻ ജോസഫ്, മുഴിക്കൽ

**ഉത്തരം:** രണ്ടായിരം വർഷങ്ങൾക്ക് മുമ്പും ലോകത്തിൽ പലയിടത്തും സ്ത്രീകൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്നു. സ്ത്രീകളുടെ **ഒരു കൂട്ടം തന്നെ** യേശുക്രിസ്തുവിനെ സാമ്പത്തികമായി സഹായിച്ചിരുന്നു (ലൂക്കോസ് 8:1-3). സ്ത്രീകൾ സെക്യൂരിറ്റി ജീവനക്കാരുണ്ടായിരുന്നു (മത്തായി 26:69-71). ഭക്തിയുള്ള മാന്യസ്ത്രീകളുടെ ഒരു കൂട്ടമാണ് പൗലോസിനും ബർന്നബാസിനും എതിരെ പീഡനം അഴിച്ചുവിട്ട് ഒരു സ്ഥലത്തു നിന്നും ഓടിച്ചത് (അപ്പൊ. പ്രവൃത്തി 13:50).

മൂവായിരത്തിയഞ്ഞൂറു വർഷങ്ങൾക്ക് മുമ്പ് കനാൻ ദേശത്തു താമസിച്ചിരുന്ന ജനങ്ങൾ അമിതമായ ലൈംഗീക സ്വാതന്ത്ര്യത്തിലാണ് ജീവിച്ചത്. ദൈവം യിസ്രായേൽ ജനതയോട് അരുളിചെയ്തു: **'കനാൻ ദേശത്തു ജീവിച്ച ജനതയുടെ ലൈംഗീക മ്ലേച്ഛത നിമിത്തമാണ് ഞാൻ അവരെ കനാനിൽ നിന്നു പുറന്തള്ളുന്നത്'** (ലേവ്യപുസ്തകം 18:24,27,28 സ്വതന്ത്ര പരിഭാഷ).

കനാനിലെ ജനങ്ങൾ നശിക്കുവാൻ കാരണം അതിർവരമ്പുകളില്ലാത്ത ലൈംഗീകതയായിരുന്നു. കാലം മുമ്പോട്ടു പോകും തോറും 'നോഹയുടെ കാലഘട്ടത്തിലെയും 'ലോത്തി'ന്റെ കാലഘട്ടത്തിലെയും ധാർമ്മികനിലവാരത്തിലേക്കു ആധുനിക മനുഷ്യൻ എത്തപ്പെടുമെന്നാണ് കർത്താവു മുന്നറിയിപ്പ് തന്നിട്ടുള്ളത് (ലൂക്കോസ് 17:28).

**എന്നാൽ കർത്താവിനെ വിശ്വസിച്ചവർ അനുഷ്ഠിക്കാനുള്ള ലൈംഗീക സ്വഭാവം താഴെക്കുറിക്കുന്നു.**

1) രക്ഷിക്കപ്പെട്ടവൻ, സഹോദരൻ എന്നു വിളിക്കപ്പെടുന്ന ഒരുവൻ ദുർന്നടപ്പുകാരനോ, അത്യാഗ്രഹിയോ, പരദൂഷണക്കാരനോ, മദ്യപനോ, കവർച്ചക്കാരനോ ആകുന്നുവെങ്കിൽ അവനോടു സംസ്സർഗ്ഗം അരുത്, അങ്ങനെയുള്ളവനോടു കൂടെ ഭക്ഷണം കഴിക്കുകപോലും അരുത് (1 കൊരിന്ത്യർ 5:11, സ്വതന്ത്രപരിഭാഷ).

2) അനീതി ചെയ്യുന്നവൻ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു അറിയുന്നില്ലയോ? നിങ്ങളെത്തന്നെ വഞ്ചിക്കാതിരിക്കുവീൻ; ലൈംഗീക ദുർന്നടപ്പുകാർ, വ്യഭിചാരികൾ, സ്വവർഗ്ഗഭോഗികൾ....എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല (1 കൊരിന്ത്യർ 6:9,10).

3) ലൈംഗീക ദുർന്നടപ്പു വിട്ടു ഓടുവിൻ, മനുഷ്യർ ചെയ്യുന്ന ഏതു പാപവും ശരീരത്തിനു പുറത്താകുന്നു; ലൈംഗീക പാപമോ സ്വന്തം ശരീരത്തിനെതിരായി ചെയ്യുന്നു (1 കൊരിന്ത്യർ 6:18).

4) ജഡത്തിന്റെ പ്രവർത്തികളോ; ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം...മദ്യപാനം, മദിരോത്സവം മുതലായ ആകുമെന്നു വ്യക്തമാണ്. ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല (ഗലാത്യർ 5: 19).

5) ദുർവൃത്തിയും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർപറക പോലും അരുത്: അതാകുന്നു വിശുദ്ധന്മാർക്ക് ഉചിതം.... ദുർന്നടപ്പുകാർ, അശുദ്ധർ, വിഗ്രഹാരാധകനായ ദ്രവ്യാഗ്രഹി ഇവർക്ക് ആർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ അവകാശം ഇല്ലെന്നു നിങ്ങൾ അറിയുന്നുവല്ലോ (എഫെസ്യർ 5:3-5).

6) നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും. ആകയാൽ ദുർന്നടപ്പ്, അശുദ്ധി, ദുരാഗ്രഹം, കാമം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ നിങ്ങളുടെ ഭൗമിക സ്വഭാവങ്ങളെ നിഗ്രഹിക്കുവീൻ. ഈ കാര്യങ്ങൾ നിമിത്തം ദൈവകോപം അനുസരണമില്ലത്ത മക്കളുടെ മേൽ വരുന്നു (കൊലോസ്സ്യർ 3:4-6).

7) നിങ്ങളിൽ ഓരോരുത്തനും വിശുദ്ധിയിലും ബഹുമാനത്തിലും അവനവന്റെ ശരീരത്തെ സൂക്ഷിക്കുവാൻ അറിയുന്നവനായിരിക്കണം. അത് ദൈവത്തെ അറിയാത്ത ജാതികളെപ്പോലെ കാമവികാരത്തിൽ ആയിരിക്കരുത്. ഈ കാര്യത്തിൽ ആരും ലംഘനം ചെയ്യുകയും സഹോദരനെ വഞ്ചിക്കുകയും അരുത്...ഇങ്ങനെയുള്ള കാര്യങ്ങൾക്കെല്ലാം പ്രതികാരം ചെയ്യുന്നത് കർത്താവു ആകുന്നു (1 തെസ്സലോനിക്യർ 4:2-6).

8) യേശു അരുളിചെയ്തു: 'നീ വ്യഭിചാരം ചെയ്യരുത്' എന്നരുളിചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോട് പറയുന്നത്; സ്ത്രീയെ കാമാസക്തിയോടെ നോക്കുന്ന ഓരോരുത്തനും ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തിരിക്കുന്നു (മത്തായി 5:27,28).

9)...അവൻ അന്ന് ഹൃദയങ്ങളുടെ ആലോചനകൾ വെളിപ്പെടുത്തും; അന്നു ഓരോരുത്തനും ദൈവത്തിങ്കൽ നിന്നും പുകഴ്ച ലഭിക്കും (1 കൊരിന്ത്യർ 4:5).

10) അവനവൻ ശരീരത്തിൽ ആയിരിക്കുമ്പോൾ ചെയ്തതു നന്മയായാലും തിന്മയായാലും അതിനു തക്കവണ്ണം പ്രതിഫലം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2 കൊരിന്ത്യർ 5:10).

11)...ദുർന്നടപ്പുകാർ, വ്യാജം പറയുന്ന ഏവർക്കുമുള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ... (വെളിപ്പാട് 21:8)

ചിന്തകൊണ്ടോ, ഭാവനകൊണ്ടോ, പ്രവൃത്തികൊണ്ടോ, ദൈവഹിതപ്രകാരമല്ലാത്ത ലൈംഗീക ബന്ധങ്ങളിൽ കുടുങ്ങിക്കിടക്കുന്നവർക്ക്, ക്രിസ്തുവിന്റെ സമാധാനം ഹൃദയങ്ങളിൽ വാഴാൻ ഒറ്റ വഴിയേ ഉള്ളൂ. ബന്ധനത്തിൽ നിന്നും വിടുവിക്കുവാൻ കർത്താവിനോട് അപേക്ഷിക്കുക. ദൈവീക വിഷയങ്ങളിൽ കൂടുതൽ സമയം ചിലവഴിക്കുക. "നിങ്ങളിൽ ആരും ലൈംഗീകപാപത്തിന്റെ മോഹത്തിലും വഞ്ചനയിലും കുടുങ്ങി ഹൃദയം കഠിനപ്പെടാതിരിക്കേണ്ടതിന് **'ഇന്ന്'** എന്ന് വിളിക്കപ്പെടുന്ന ദിനം ഉള്ളിടത്തോളം നാൾതോറും അന്യോന്യം പ്രബോധിപ്പിക്കുവീൻ (എബ്രായർ 3:13, സ്വതന്ത്ര പരിഭാഷ). അതു കഴിഞ്ഞ് 'നിങ്ങൾ സർവ്വജ്ഞാനത്തോടും കൂടെ പരസ്പരം പഠിപ്പിക്കുകയും ബുദ്ധി ഉപദേശിക്കുകയും നിങ്ങളുടെ ഹൃദയത്തിൽ നന്ദിയുള്ളവരായി ദൈവത്തിന് സങ്കീർത്തനങ്ങളും സ്തുതികളും ആത്മീയ കീർത്തനങ്ങളും പാടുകയും ചെയ്യുവീൻ. ഇങ്ങനെ ക്രിസ്തുവിന്റെ വചനം സമൃദ്ധിയായി നിങ്ങളിൽ വസിക്കട്ടെ. ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ (കൊലോസ്സ്യർ 3:15,16). അങ്ങനെ സത്യമായതൊക്കെയും നീതിയായയതൊക്കെയും നിർമ്മലമായതൊക്കെയും ചിന്തിച്ചുകൊണ്ട് സമാധാനത്തിന്റെ ദൈവം നമ്മളുടെ കൂടെ ഉണ്ടായിരിക്കട്ടെ (ഫിലിപ്പ്യർ 4:4-9).

**അടിക്കുറിപ്പ്:** വ്യക്തിപരമായ പാപത്തെക്കുറിച്ച് ബോധ്യം വരുകയും ആ പാപത്തിന് നിരപ്പുണ്ടാക്കുകയും (ദൈവത്തോടും മനുഷ്യരോടും) ദൈവത്തിലാശ്രയിക്കുകയും ചെയ്യുന്നവർക്ക് മാത്രമേ ദൈവസാമിപ്യം **ആസ്വദിക്കാൻ** സാധിക്കുകയുള്ളൂ.

## 01 മരിക്കുന്നതിന് മുമ്പ് കലഷ്നിക്കോവ് .....

ദനിപ്പിക്കുന്നു. ഇത് എനിക്ക് സഹിക്കാനാകുന്നില്ല. ഞാൻ ഇന്നും ഉത്തരമില്ലാത്ത ചോദ്യം അഭിമുഖീകരിക്കുന്നു. എന്റെ തോക്ക് ആളുകളെ കൊന്നിട്ടുണ്ടെങ്കിൽ, മീഖയിൽ കലാഷ്നിക്കോവ് എന്ന ഞാൻ, 93 വയസുള്ളവൻ, ഒരു കർഷകന്റെ മകൻ, ഒരു ക്രിസ്ത്യാനി, ഓർത്തോഡോക്സ് വിശ്വാസി, ഈ കൊലകൾക്ക് ഉത്തരവാദിയാണ്. കൊല്ലപ്പെട്ടവർ എന്റെ ശത്രുക്കൾ ആണെങ്കിൽപോലും", മോസ്കോയിലെ പാത്രിയാർക്കിസിനുള്ള കത്തിലാണ് അനുതാപത്തിന്റെ ഈ വരികൾ ഉള്ളത്. ഒരു കാലത്ത് കലാഷ്നിക്കോവ് തന്റെ കണ്ടുപിടിത്തത്തിൽ അഹങ്കരിച്ചിരുന്നു.

എന്നാൽ തീവ്രവാദികൾ നിരപാധികളെ കൊന്നൊടുക്കാൻ ഇത് ഉപയോഗിച്ചത് തന്നെ അസ്വസ്ഥനാക്കി.

ഈ ആയുധത്തിന്റെ ഉപയോഗവും ദുരുപയോഗവും ലക്ഷകണക്കിനു ജീവൻ നശിപ്പിക്കുന്നതിന് കാരണമാകുന്നു എന്ന് കണ്ട കാലാഷ്നിക്കോവ് 2012-ൽ ഇങ്ങനെ പറഞ്ഞു. "AK - 47 -ന് പകരമായി ഞാൻ ഒരു കാർഷിക ഉപകരണം ഉണ്ടാക്കിയിരുന്നു എങ്കിൽ അത് അനേകം കർഷകർക്ക് പ്രയോജനം ചെയ്യുമായിരുന്നു".

കമ്മ്യൂണിസത്തിന്റെ പതനത്തിനു ശേഷം റഷ്യയിൽ ഓർത്തോഡോക്സ് സഭയ്ക്കുണ്ടായ വളർച്ചയെപ്പറ്റിയും കാലാഷ്നിക്കോവ് ഇങ്ങനെ പറഞ്ഞു. "നമ്മുടെ രാജ്യത്ത് സഭ വളരുന്നു എന്നാൽ തിന്മയ്ക്ക് യാതൊരു കുറവും ഇല്ല". കമ്മ്യൂണിസത്തിന്റെ വളർച്ചയ്ക്കും പതനത്തിനും സാക്ഷിയായ കാലാഷ്നിക്കോവ് ഓർത്തോഡോക്സ് സഭയുടെ റഷ്യയിലേക്കുള്ള തിരിച്ചുവരവിനും സാക്ഷിയായി. എന്നാൽ ഭൗതികവാദത്തിൽ നിന്ന് ആത്മീയതയിലേക്കുള്ള യാത്രയിൽ എന്തുകൊണ്ട് തിന്മ സമൂഹത്തിൽ നിന്നും വ്യക്തികളിൽ നിന്നും മാഞ്ഞ് പോകുന്നില്ല എന്ന് ആയുധങ്ങളുടെ രചയിതാവിന് മനസിലായില്ല. ഒടുവിൽ മരണത്തിന് ചില മാസങ്ങൾക്ക് മുമ്പ് തന്റെ പ്രായശ്ചിത്തക്കത്തിൽ തന്റെ അഭിമാനമായ AK - 47 -നെ ഓർത്ത് അതിന്റെ ഭവിഷ്യത്ത് ഓർത്ത് താൻ ദുഃഖം രേഖപ്പെടുത്തി.

കാലാഷ്നിക്കോവ് ഒരു പക്ഷെ താമസിച്ചുപോയിരിക്കാം. താൻ സൃഷ്ടിച്ച ആയുധം കോടികളുടെ ജീവൻ എടുത്തു. എന്നാൽ ഈ ദുരന്തത്തിന്റെ ആഴം മനസിലാക്കുവാൻ അതിൽ ഖേദം പ്രകടിപ്പിക്കുവാൻ തനിക്ക് കഴിഞ്ഞു. കാലാഷ്നിക്കോവിന്റെ ഖേദപ്രകടനം ചരിത്രത്തിലെ അപ്രിയ സത്യങ്ങളാണ്. രക്തചൊരിച്ചിലിലൂടെ വിപ്ലവവും പുതിയ ഭൂമിയും വ്യവസ്ഥകളും ജീവിതവും പടുത്തുയർത്താൻ ശ്രമിച്ച മഹാന്മാരായ പല ലോകനേതാക്കന്മാരും തങ്ങളുടെ അവസാനനാളുകളിൽ തങ്ങൾ ചൊരിഞ്ഞ രക്തത്തെ ഓർത്ത് ദുഃഖിച്ചിരുന്നു എന്ന് ചരിത്രത്തിലെ ചില്ല ഒറ്റപ്പെട്ട പാഠപുസ്തകങ്ങൾ തെളിവ് നൽകുന്നു. സ്നേഹത്തിന്റെ സാമ്രാജ്യം സ്ഥാപിച്ച യേശുക്രിസ്തുവിന്റെ വചനങ്ങൾക്കു മാത്രമേ ലോകത്തിന് പ്രത്യാശയും പുതുജീവനും നൽകാൻ കഴിയൂ എന്ന് ഈ സംഭവങ്ങൾ ചൂണ്ടികാട്ടുന്നു. ഒരാളുടെ ഉയർച്ചയ്ക്ക് വേണ്ടി മറ്റൊരാളുടെ തകർച്ച ബൈബിൾ പഠിപ്പിക്കുന്നില്ല. എന്നാൽ സ്നേഹത്തിന് മാത്രമേ ലോകത്തെ നേടാൻ ആവൂ എന്നത് പല ലോകനേതാക്കന്മാരും ഇനിയും പഠിച്ചിട്ടില്ലാത്ത പാഠമാണ്. കലാഷ്നിക്കോവിന്റെ അനുതാപം യുദ്ധകൊതിയുള്ള ലോകനേതാക്കന്മാർക്കും തീവ്രവാദികൾക്കും ഒരു പാഠം ആകണം.

Please Visit Us
www.beljourn.com / www.beljourn.in

## 03 പ്രതികരണം.....

ക്കാത്ത വേറൊരു ആത്മാവെങ്കിലും നിങ്ങൾ കൈക്കൊള്ളാത്ത വേറൊരു സുവിശേഷമെങ്കിലും ലഭിക്കുകയോ ചെയ്യുമ്പോൾ നിങ്ങൾ പൊറുക്കുന്നത് ആശ്ചര്യം" (2 കൊരി: 11: 4,5) ഞങ്ങൾ നിങ്ങളോട് അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതൻ ആകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ (ഗലാത്യ: 1: 8).

എത്ര വലിയ രോഗശാന്തികൾ നടന്നാലും എത്ര വലിയ ആളു കൂടിയാലും. വചന പരിധിക്ക് പുറത്തുള്ളവയെ നാം ഒരു കാരണവശാലും അംഗീകരിപ്പാൻ പാടില്ല. അത് ഒരിക്കലും ദൈവീകം അല്ല. മുൻപു പറഞ്ഞതുപോലെ ദൈവത്തിന്റെ ഏറ്റവും വലിയ പ്രത്യേകത "ദൈവം തന്റെ വ്യവസ്ഥപ്രകാരം മാത്രമേ" പ്രവർത്തിക്കുകയുള്ളൂ. എന്നാൽ ശത്രുവായ സാത്താന് ഒറ്റ ലക്ഷ്യം മാത്രമേ ഉള്ളൂ "ശരിയിൽ നിന്നും ജനത്തെ അകറ്റി നിത്യ നരകത്തിൽ എത്തിക്കുക." (പാപം എന്നതിന് മൂലഭാഷയിൽ ലക്ഷ്യം തെറ്റുക എന്നാണ് അർത്ഥം എന്നുകൂടി അറിയുക.) "യുഗാവസാനത്തിന്റെ ഏറ്റവും വലിയ ലക്ഷണം പലരും കരുതുന്ന പോലെ വലിയ ആത്മീയ ഉണർവ്വ് അല്ല വിശ്വാസ ത്യാഗമാണ്" (മത്താ. 24:4,11,23,24,25 മത്താ: 7: 15, മർക്കോ: 13: 6, 21,22, 2 കൊരി 11: 14, ഗലാ 1: 8-9, കൊലോ 2: 8, 1 തീമോ 1:3,4 4:1,2, പത്രോസ് 2, യോഹ: 2: 18-23 യൂദാ 4-19)

ആകയാൽ ഈ ദുഷ്ടൻമാരുടെ ചതിയിൽ വീഴാതെ ഒരു ഉത്തമ പോരാളിയുടെ അതേ ജാഗ്രതയോടെ പ്രത്യാശയെക്കുറിച്ച് ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ടു പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങി (1 പത്രോസ് 3: 15) നമുക്ക് ശാന്ത തുറമുഖത്തേക്കുള്ള യാത്ര തുടരാം.

## ഐ.പി.സി കോന്നി സെന്റർ കൺവൻഷൻ

ഐ.പി.സി കോന്നി സെന്റർ കൺവൻഷൻ 2014 ജനുവരി 29 മുതൽ ഫെബ്രുവരി 2 വരെ കോന്നി ജി.എസ് ഗാർഡനിൽ വച്ച് നടത്തപ്പെടുന്നു. വൈകിട്ട് 5.30 മുതൽ 8.30 വരെ നടക്കുന്ന യോഗങ്ങളിൽ പാസ്റ്റർമാരായ വി.പി.ഫിലിപ്പ്, റ്റി.സി. ബാബു, കെ.ജോയി, സാബു പോൾ, സാം ജോർജ്ജ്, ഏബ്രഹാം ഈശോ എന്നിവർ ദൈവവചനത്തിൽ നിന്നും സംസാരിക്കുന്നു. കോന്നി സെന്റർ പാസ്റ്റർ. റ്റി.പി.ദാനിയേൽ കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു. സ്പിരിച്വൽ മെലഡീസ് കൊച്ചി സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നു.

ലേഖനം

# ദൈവരാജ്യത്തിലെ വിഷവൈദ്യന്മാർ



റെജി പോൾ
ഷാർജ

ദൈവം സഭയിൽ അപ്പൊസ്തലൻ...തുടങ്ങി അഞ്ചുവിധ ശുശ്രൂഷകന്മാരെ നിയമിച്ചു എന്നതിന്റെ കൂടെ "കൺവൻഷൻ പ്രാസംഗികൻ" എന്ന ഇമ്മിണി ബല്യ ഒരു പേര് കൂടെ ആറാമതായി ചേർക്കാത്തത് ദൈവം ഓർക്കാഞ്ഞിട്ടാണോ അതോ "ഞാൻ ചെയ്തതിലും വലിയത് നിങ്ങൾ ചെയ്യു"മെന്ന വാഗ്ദത്തം നാം അങ്ങോട്ട് നിറവേറ്റി കൊടുത്തതാണോ എന്ന് ഒരു ചെറിയ സംശയം ഈയുള്ളവനെ ഭരിക്കുന്നു.

പണ്ട് കുമ്പനാടും മാരാമണ്ണിലും മാത്രം ഉണ്ടായിരുന്ന മഹാസംഭവം അതിങ്ങനെ വികേന്ദ്രീകരിച്ചു സകല പഞ്ചായത്ത് കിണറിന്റെയും വഴിവിളക്കിന്റെയും പരിസരത്തേക്കു പടർന്നു വ്യാപിച്ചിരിക്കുന്നു. "ഭൂമിയുടെ അറ്റത്തോളം സുവിശേഷം അറിയിക്കാൻ" ഉള്ള എളുപ്പ വഴിയായിട്ടാണെന്ന് തോന്നുന്നു അമ്പതിനായിരം വാട്സിൽ കുറഞ്ഞ വെളിച്ചവും ശബ്ദവും ഈയിടെ ആരും ഉപയോഗിക്കാറില്ല. നാട്ടിൽ തങ്ങൾ നഷ്ടപ്പെടുത്തിയ സാക്ഷ്യത്തിന്റെയും തങ്ങൾ പന്ത്രണ്ട് മാസമായി അറിയിക്കാതിരുന്ന സുവിശേഷത്തിന്റെയും കേടുപാടുകൾ പുറത്തുനിന്നൊരു മെഗാ സ്റ്റാർ വന്നു മൈക്കിലൂടെ വെടിപൊട്ടിച്ചാൽ തീരുമെന്ന മഹാമണ്ടത്തരം നാം ആഘോഷമാക്കി മാറ്റുന്നു.

മലയാളക്കരയിൽ ഉള്ള, വിഷവൈദ്യന്മാർ എന്ന ഒരു വിഭാഗത്തെ ഇതിനോടുള്ള ബന്ധത്തിൽ ഓർമ്മ വരുന്നു. വിഷ വൈദ്യത്തിന്റെ പാരമ്പര്യമനുസരിച്ച് വൈദ്യന്മാർ ആരെയും അങ്ങോട്ട് ചെന്ന് ചികിത്സിക്കാൻ പാടില്ല. വിഷം തീണ്ടിയ ആളെ കൊണ്ട് വരുന്നുവെന്ന് നിമിത്തങ്ങളിൽ നിന്ന് ഗ്രഹിച്ചാൽ സാധനങ്ങളൊക്കെ തയ്യാറാക്കി ഉമ്മറത്ത് തന്നെ കാണണം. രോഗിയെ ആരെങ്കിലും താങ്ങിപ്പിടിച്ചു കൊണ്ട് വന്നാൽ പിന്നെ ഇവർ സജീവമായി ശുശ്രൂഷ ഏറ്റെടുത്തുകൊള്ളും. ഇത് തന്നെ കൺവൻഷൻ പ്രാസംഗികന്റെയും പണി. നിങ്ങൾ "പോയി അറിയിക്കുവീൻ" എന്ന കല്പന തിരുത്തി "വന്നു കേൾക്കുവിൻ" എന്നാക്കി പ്രമാണങ്ങൾ തിരുത്തിയെഴുതപ്പെട്ട സ്ഥിതിക്ക് ഇനി പറഞ്ഞിട്ട് കാര്യമില്ലല്ലോ. ഏതെങ്കിലും വ്യക്തിയെ അങ്ങോട്ട് ചെന്ന് വചനം പറഞ്ഞു മാനസാന്തരത്തിലേക്ക് അവസാനമായി നടത്തിയതെന്നാണെന്നു വ്യക്തിപരമായി ചോദിച്ചാൽ അതിനും ഡയറി നോക്കണം. "ചൂളപോലെ കത്തുന്ന ദിവസം വരുന്നു" എന്ന് കേൾക്കുന്ന പാടെ വേഗം ഡയറി തുറന്നിട്ട് "സോറി അന്നും ഡേറ്റ് ഇല്ല" എന്ന് പറയുന്ന വമ്പന്മാർ വരെ ഇക്കൂട്ടത്തിലുണ്ടത്രേ.

"അപ്പല്ലോസ് കൊരിന്തിൽ ഇരിക്കുമ്പോൾ പൗലോസ് ഉൾ നാടുകളിലൂടെ സഞ്ചരിച്ചു" എന്ന് (പ്രവൃത്തികൾ 19:1) കാണുന്നു. അല്ലെങ്കിൽ തന്നെ ഇടത്തരം ശുശ്രൂഷകനായ അപ്പല്ലോസ് പട്ടണത്തിൽ തകർക്കുമ്പോൾ ഉഗ്രനായ പൗലോസ് അതിനേക്കാൾ വലിയ കൺവൻഷനിൽ സ്റ്റേജിൽ തകർക്കേണ്ട സ്ഥാനത്ത് അതിനു താല്പര്യം കാണിക്കാതെ നാട്ടിൻ പുറത്തേക്കു പോയത് ശരിയായില്ല. ഇതല്ലേ കൃപയുടെ സുവിശേഷകന്മാർ പുസ്തകം തുറന്നു വായിച്ചാലും ചീത്തയാകാത്തത്. അല്ലെങ്കിലും പറക്കമുറ്റാറായാൽ സ്റ്റേജിൽ കയറി തിളങ്ങാൻ പാകത്തിന് "ബല്യ ആളാവും" എന്ന് കൺസൾട്ടന്റ് പ്രവാചകന്റെ ദൂതും കേട്ട് സ്വപ്നം കണ്ടു നടക്കുന്നവർക്കൊന്നും പറ്റിയതല്ല കറുത്ത ബയന്റിട്ട പുസ്തകം.

ഈയുള്ളവനെ ഉൾപ്പെടെ അനേകരെ പെരുമ്പാവൂരിൽ നിന്ന് പുത്തൻകുരിശുവരെ ലാഭേച്ഛ കൂടാതെ തന്റെ സ്കൂട്ടറിൽ ഇരുപതു കിലോമീറ്റർ യാത്രചെയ്തു വന്നു മഴയും വെയിലും നോക്കാതെ വചനം പഠിപ്പിച്ചു ഉറപ്പിച്ച ദൈവദാസൻ ഇന്ന് കാണുന്നവരുടെ കൂടെയെല്ലാം വേദി പങ്കിടുന്നതും ഇമ്മിണി ബല്യ വീടുകൾ വെഞ്ചരിക്കാൻ പോകുന്നതും കാണുമ്പോൾ വലിയ സന്തോഷം തോന്നാത്തത് ഈയുള്ളവന്റെ ഇടുങ്ങിയ ചിന്താഗതി കൊണ്ടായിരിക്കാം. ഏതായാലും സഭാ തിരഞ്ഞെടുപ്പിന്റെ രാഷ്ട്രീയത്തിൽ നിന്നും അധികാര വടംവലിയിൽ നിന്നും തന്നെ താൻ സൂക്ഷിക്കുന്നതോർത്തു ദൈവത്തിനു നന്ദി പറയുന്നു.

ആരെങ്കിലും മീറ്റിങ്ങിനു വിളിക്കാൻ വന്നാൽ എത്ര പേര് കൂടുമെന്നും, എന്നാ ഒക്കുമെന്നുമൊക്കെയാണ് പലരുടെയും ആദ്യ ചോദ്യങ്ങൾ. പ്രസംഗ മത്സരത്തിൽ തോൽക്കാതിരിക്കാൻ, മറ്റേ പ്രസംഗികർ ആരാണെന്നു അമ്പേഷിക്കുന്നവരുമുണ്ട്. ഈയിടെയായി ദൈവദാസനെ എന്നല്ല സാറെ എന്ന് വിളിക്കുന്നതാണ് ചിലർക്കു പഥ്യം എന്നും പിന്നാമ്പുറങ്ങളിൽ കേൾക്കുന്നു. സ്വന്തം ഡിമാന്റ് കൺവൻഷൻ മാർക്കറ്റിൽ കൂടാൻ ഓടി നടന്നു എവിടുന്നൊക്കെയോ ഡോക്ടറേറ്റ് നേടാൻ ശ്രമിക്കുന്ന മിടുക്കന്മാരുടെ എണ്ണവും വർദ്ധിക്കുന്നു.

മറുപുറത്ത്, പറഞ്ഞ തമാശ പിന്നെയും പറഞ്ഞു ജനത്തെ ഭയപ്പെടുത്തുന്ന ഡൽഹിക്കാരനും പ്രസംഗവും അധികപ്രസംഗവും തമ്മിൽ തിരിച്ചറിയാത്തത് കൊണ്ട് പതാകയിൽ കയറിപ്പിടിച്ചു കറന്റ് അടിച്ച അവറാനും ബാലൻ ചത്താൽ കഷ്ടകാലം തീരുമെന്ന് ആത്മീയ ജോത്സ്യന്മാർ പ്രവചിച്ചെങ്കിലും പശുവും ചത്ത് മോരിലെ പുളിയും പോയിട്ടും ക്ലച്ച് പിടിക്കാത്ത കുറെ കഷ്ടകാലന്മാരും, കൂടെയുള്ള ആത്മീയ ഗുണ്ടകൾ സ്തോത്രവും ഗ്ലോറിയും ഒക്കെ വേണ്ടും വണ്ണം കരേറ്റിയിട്ടും ശോഭ മങ്ങുന്ന ഏ. ജി. സിംഹവും, അമേരിക്കയിലുള്ളവരുടെ കയ്യും കാലും പിടിച്ചു കടലാസ് ഒപ്പിച്ചിട്ടും മദ്രാസിലെ എംബസ്സിയിൽ പോയി വായ് തുറന്നു കമാന്നൊരക്ഷരം പറയാൻ പറ്റാതെ സായിപ്പിനെ പ്രാകാതിരികെ പോന്നവരും ദേശം വിഭാഗിച്ചപ്പോൾ കന്നടദേശം വീണു കിട്ടിയെങ്കിലും വായിൽ നിന്ന് നല്ലൊരു പ്രബോധനം പതിനഞ്ചു കൊല്ലമായിട്ടും സ്വന്തം സഭക്കാർക്ക് പോലും വീണു കിട്ടാത്ത പാവം ഗൾഫ് മുതലാളിയും വരെ വീണിത കൂടാരത്തിലുണ്ട്.

വിഷമിറക്കാൻ വിളിച്ചിട്ട് കടിയേറ്റവന്റെ മേൽ കൂടുതൽ കടുത്ത വിഷം കയറ്റിവിട്ട് ആസ്ഥാന വൈദ്യന്മാരുടെ കഞ്ഞിയിൽ കൂടി പാറ്റ വീഴ്ത്തുന്ന വ്യാജ വൈദ്യന്മാരും ഉണ്ട്. ഏറ്റവും കൂടുതൽ വിവാദമുണ്ടാക്കാവുന്ന പ്രസംഗം ഏതു എന്ന് ഗവേഷണം നടത്താനെങ്കിലും ഈ ചെറു കുറുക്കന്മാർ ആത്മാർത്ഥത കാണിക്കുന്നു. ഇവർ കയറ്റിവിട്ട വിഷമിറക്കലാണ് ഇപ്പോൾ പല പ്രധാന വൈദ്യന്മാരുടെയും പണി. വീട്ടിലെ കാരണവർക്ക് അടുപ്പിലും ആകാം, അതു കൊണ്ട് അബദ്ധ പ്രസംഗവും അതികപ്രസംഗവും തങ്ങളുടെ മാത്രം കുത്തകയാണെന്ന് വിശ്വസിച്ചിരുന്ന ഇവർക്ക് ഈ പുത്തൻ കൂറ്റുക്കാരെ ക്ഷമിക്കണം കൃപക്കാരെ അത്ര പിടിക്കാത്തതും സ്വാഭാവികം. തങ്ങളുടെ ജനുസ്സിൽപെട്ടവർ പതിറ്റാണ്ടുകൾ വിവരക്കേടുകൾ പ്രസംഗിച്ചപ്പോൾ ഉണ്ടാകാത്ത ധാർമ്മിക രോഷം ഇപ്പഴെങ്കിലും അണപൊട്ടിയത് നന്നായി. ഇനിയിപ്പോ എല്ലാവരും കുറച്ചൊക്കെ സൂക്ഷിക്കുമല്ലോ.

മുറി വൈദ്യൻ ആളെക്കൊല്ലുമെന്നു പഴഞ്ചൊല്ലുണ്ടെങ്കിലും ഇപ്പോൾ അവർക്കാണത്രേ ഡിമാണ്ട് കൂടുതൽ. എന്തെങ്കിലുമൊക്കെ പറഞ്ഞു ഒരു മണിക്കൂർ വേസ്റ്റ് ആക്കിയശേഷം ഈ വിഷയത്തിന്റെ പ്രധാന മർമ്മത്തിലേക്കു കടക്കാൻ സമയമില്ലാത്തത് കൊണ്ട് ഇപ്പോൾ നിറുത്തുന്നുവെന്നും കർത്താവിന്റെ വരവു വൈകിയാൽ പിന്നീടൊരു സന്ദർഭത്തിലാകാമെന്നു പറഞ്ഞു എങ്ങും തൊടാതെ നിർത്തി തന്റെ അറിവില്ലായ്മ വെളിപ്പെടുത്താതെ തന്നെത്താൻ രക്ഷിക്കുകയും അടുത്ത കൊല്ലവും എന്നെ വിളിക്കണമെന്ന് സംഘാടകരോട് സൂചിപ്പിക്കുകയും ചെയ്യുന്നു. പണ്ട് പ്രാസംഗികനു കാശങ്ങോട്ടു കൊടുക്കണമായിരുന്നെങ്കിൽ ഇപ്പോൾ അമേരിക്കയിലും ഗൾഫിലും ഒക്കെയുള്ള അഭിഷിക്തത മുതലാ

08

## കല്ലുകടി

# എഞ്ചിനീയറിംഗ് കോളേജും നേതാവും

കസേര നിലനിർത്താൻ പെന്തക്കോസ്തു നേതാക്കന്മാർ ഏതു പണിയും കാണിക്കും. രാഷ്ട്രീയക്കാരെ വെല്ലുന്ന നമ്പറുകളും അവർ ഇറക്കിക്കളയും. രാഷ്ട്രീയക്കാർപോലും നമിച്ചുപോകുന്ന നമ്പറുകൾ! ഇതാ ഈ നേതാവിന്റെ നമ്പർ ഒന്നു ശ്രദ്ധിച്ചോളൂ. ഒരു പെന്തക്കോസ്തു നേതാവിന് ജനപിന്തുണ കുറഞ്ഞുകുറഞ്ഞു പിന്തുണയ്ക്കാനാളില്ലാതായി. ആകെയുള്ളത് അന്തിക്രിസ്തുവിന്റെ ത്രിത്വം പോലെ കള്ളപ്രവാചകൻ, ദുർമ്മാർഗി, തട്ടിപ്പുവീരൻ ഇവരാണ്. കൂടെ കൗൺസിൽ ഇലക്ഷനിൽ ജനം തള്ളിക്കളഞ്ഞ പല്ലു കൊഴിഞ്ഞ 2 പുള്ളികളും. ഇനിയും രണ്ടു വർഷം കൂടി പിടിച്ചിരിക്കണം. ജനാഭിപ്രായം തേടിയാൽ എട്ടു നിലയിൽ പൊട്ടുമെന്നുറപ്പ്. തെരഞ്ഞെടുപ്പ് ഒഴിവാക്കണം. ജനത്തിന്റെ കണ്ണിൽ പൊടിയിടണം. അതിനായി ഇറക്കിയ തന്ത്രം ഇങ്ങനെ! സഭയുടെ വകയായി ഒരു എഞ്ചിനീയറിംഗ് കോളേജ് തുടങ്ങുക. അതിനായി മൂന്നര ഏക്കർ സ്ഥലം വാങ്ങുക. അണിയറയിൽ എല്ലാം ക്രമീകരിച്ചശേഷം ജനത്തിന്റെ കണ്ണിൽ പൊടിയിടാൻ ഒരു മീറ്റിംഗും വിളിച്ചു. നേതാവിന്റെ പ്രസ്താവന കേട്ട് പുളകിതഗാത്രരായി ജനം ഇരുന്നു. കുവൈറ്റിൽ ചില ആളുകളുടെ കൈയ്യിൽ പണം വെറുതെ ഇരിക്കുന്നുപോലും. അവരുടെ ഈ പണം മക്കൾക്ക് വേണ്ട! കാരണം അവരെല്ലാം കാനഡയിലുമൊക്കെയാണ്. കോളേജിന്റെ ഷെയർ അഞ്ചും പത്തും (ഒരു ഷെയർ 10 ലക്ഷം) വാങ്ങാൻ അവർ ക്യൂ നിൽക്കുന്നു പോലും. സംഗതി ജോറാണെന്നു ജനത്തിനു തോന്നി. നിങ്ങൾ ഒന്ന് അനുവദിച്ചാൽ മതി പണം പ്രശ്നമല്ല. ജനം കൈയ്യടിച്ചു. വെള്ളപേപ്പറിൽ ഒപ്പുമിട്ടു. (ഇതു തന്നെ പിന്തുണയ്ക്കുന്നവരുടേതായി മാറ്റി സായ്പിനെത്തിക്കുമോ എന്നറിയാൻ ചില കുസൃതികൾ സായ്പിനു കത്ത് എഴുതിയിട്ടുണ്ട് എന്നാണ് പിന്നാമ്പുറവർത്തമാനം) ഒടുവിൽ തനിനിറം പുറത്തായി. ഇവിടെയും ഷെയറുകൾ കൊടുക്കുന്നു. നേതാവ് തന്നെ ആളുകളുടെ പേരെഴുതിക്കാൻ തുടങ്ങി. 1 ലക്ഷം വീതം തലയിൽ വീഴാൻ തുടങ്ങിയപ്പോൾ പാവം ഉപദേശിമാർ പലരും പ്രാണനും കൊണ്ട് രക്ഷപ്പെട്ടു. കുവൈറ്റിൽ കെട്ടികിടക്കുന്ന പണം ഉള്ളപ്പോൾ പിന്നെന്തിനാണപ്പാ പാവപ്പെട്ട ഉപദേശിമാരുടെ പണം. ട്രിക്ക് മനസിലായില്ലേ.

സംഭാഷണം മറ്റു മേഖലകളിലേക്കു കടന്നതോടെ കൈയ്യേറ്റത്തിലേക്കെത്തുന്ന സ്ഥിതിയായി. ഗോഗ്വാവിളികളുടെ ആരവത്തോടെ മീറ്റിംഗ് പിരിച്ചു വിട്ടു. ആശ്വാസത്തോടെ നേതാവ് വിശ്രമത്തിനായി മടങ്ങി. ഇതിലെന്താണ് തട്ടിപ്പെന്നല്ലേ. കഴിഞ്ഞ പത്തുവർഷങ്ങളായി വലിയൊരു കെട്ടിടം പണിതിട്ട് ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ഓഫീസ് കോംപ്ലക്സ് പണിതീർന്നിട്ടില്ല. ഡി.പി. അലവൻസിനു പൈസയില്ല. പെൻഷൻ സ്കീമിൽ പണമടച്ചവനും പണം കിട്ടുന്നില്ല. ഉപദേശിമാരുടെയും വിശ്വാസികളുടെയും ആവശ്യങ്ങളിൽ സഹായിക്കാൻ പണമില്ല. എന്നാൽ എഞ്ചിനീയറിംഗ് കോളജിന്റെ ബഡ്ജറ്റ് ആറരക്കോടി. സഭയുടെ ഓഡിറ്റിംഗ് നടന്നപ്പോൾ ബില്ലില്ലാതെയും വൗച്ചറില്ലാതെയും ഉണ്ടായിരുന്നത് ബൈബിൾ സ്കൂളിന്റെ പണികളുമായി ബന്ധപ്പെട്ടതായിരുന്നുവെന്നത് ചരിത്രം. ക്വട്ടേഷൻ, ടെൻഡർ ഇവയൊന്നുമില്ലാതെ പത്തു വർഷം കൊണ്ടു കോടികൾ മുടക്കി പണിതിട്ടും പണിതീരാത്ത കെട്ടിടം സാക്ഷ്യമായി നിൽക്കുമ്പോൾ ഇനിയും വേണോ കോടികൾ മുടക്കി ഒരു പണികൂടെ.

2 വർഷം കൂടെ തുടരാനാണ് ഈ തറപ്പണികളെങ്കിൽ ഇതിന്റെ ആവശ്യം എന്തിന്? എന്നെ തുടരുവാനനുവദിക്കു എന്ന് കൗൺസിലിനോടും ശുശ്രൂഷകരോടും പറഞ്ഞാൽ മതിയായിരുന്നല്ലോ. കാരണം അവർ കരുണയുള്ളവരാണ്.

**അടിക്കുറിപ്പ്:** പത്തുവർഷം ബൈബിൾ കോളജിന്റെ നടത്തിപ്പുകാരനായിരുന്നപ്പോൾ ആരെയും അവിടെ അടുപ്പിക്കാത്ത ആളായിരുന്നു നേതാവ്. ഇപ്പോൾ ചുമതല മാറിയിട്ടും പണവും കണക്കും വിട്ടുകൊടുക്കുന്നില്ല കാരണം എന്ത്? ശർക്കരക്കുടം അല്ലേ! കൈയിട്ടതല്ലേ! രുചി പിടിച്ചു പോയതല്ലേ!





# ഇറ്റാലിയൻ ഭാഷാ പഠനം

ജേക്കബ് വർഗ്ഗീസ്
തൊടുപുഴ, Mob : 9495380729



32

LA SACRA BIBBIA
Salmo 37/3, 4, 5, di Davide

3 Confida nel SIGNORE e fail bene
abita il paese e pratica la fedelta.
4 Trova la tua gioia nel SIGNORE
ed egli appaghaera desideri del tuo cuore.
5 Riponi la tua Sorte nel SIGNORE
Confida in lui ed egli agira`.

3 ദൈവത്തിൽ വിശ്വാസമർപ്പിച്ച്
നന്മ ചെയ്യുക
അപ്പോൾ ഭൂമിയിൽ
സുരക്ഷിതനായി വസിക്കാം.
4 കർത്താവിൽ ആനന്ദിക്കുക.
അവിടുന്ന് നിന്റെ ആഗ്രഹങ്ങൾ സാധിച്ചുതരും.
5 നിന്റെ ജീവിതം കർത്താവിന് ഭരമേൽപ്പിക്കുക
കർത്താവിൽ വിശ്വാസമർപ്പിക്കുക
അവിടുന്ന് നിന്നെ നോക്കിക്കൊള്ളും.


ഐ. പി. സി. നവതി കൺവൻഷന് ആശംസകൾ
പ്രാർത്ഥിക്കാം
3 വർഷംകൊണ്ട് 50 മിഷൻ കേന്ദ്രങ്ങളും
1000 പുതിയ അംഗങ്ങളും
സ്വയംപര്യാപ്തമായ 21 സഭകളും ഉണ്ടാകുവാൻ
സെന്റർ പ്രവർത്തനങ്ങൾ
തുലാപ്പള്ളി, പുത്തൻചന്ത, എരുമേലി, ചെറുവള്ളി, കരിനിലം, നീലിപിലാവ്, പുഞ്ചവയൽ, കണമല, കാളകെട്ടി, വെള്ളാവൂർ, കൊടിത്തോട്ടം, ചെങ്ങാംകുന്ന്, പൊന്തൻപുഴ, ചെളിക്കുഴി, കൊരട്ടി, ചീനിമരം, മുട്ടപ്പള്ളി, നാറാണംതോട്, ചാരുവേലി, കിസുമം, ആലപ്ര, 34-ാം മൈൽ
പാസ്റ്റർ ജെയിംസ് കെ. ഈപ്പൻ (ഡയറക്ടർ)
പാസ്റ്റർ എ. സി. ജോർജ്ജ് (അസോസിയേറ്റ് സെന്റർ പാസ്റ്റർ)
പാസ്റ്റർ തോമസ് മാത്യു ചാരുവേലി (പ്രസിഡന്റ്)
ബ്രദർ അനിയൻ കുഞ്ഞ് (ബോർഡ് ട്രസ്റ്റി)
പാസ്റ്റർ കെ. പി. സക്കറിയാ
ബ്രദർ കെ. സി. രാജൻ
ഇവാ. വത്സൻ കെ. മാത്യു
ബ്രദർ ജെയിംസ് മാത്യു
ബ്രദർ തോമസ് തോപ്പിൽ
ഫോൺ 9562130073
ഐ. പി. സി. എരുമേലി സെന്റർ


പ്രാർത്ഥിക്കുക...... പങ്കെടുക്കുക...... പ്രചരിപ്പിക്കുക......
എറ്റേർണൽ ഹോപ്പ് മിനിസ്ട്രീസ് ഇന്ത്യാ
ഭാരത സുവിശേഷീകരണത്തിന്റെ വേറിട്ടൊരു ശബ്ദം
യേശു പഠിപ്പിച്ച വിശ്വാസപ്രമാണത്തിന്റെ ഉറച്ച
കാവലായി പരിശുദ്ധാത്മാവിന്റെ പൂർണ്ണനിയന്ത്രണത്തിൽ
പട്ടണങ്ങളിലും ഗ്രാമങ്ങളിലും സത്യസുവിശേഷത്തിന്റെ
വിത്ത് വിതറി, അവയാലുള്ള രക്ഷയും അത്ഭുതങ്ങളും
കോർത്തിണക്കി രൂപം കൊടുത്തിട്ടുള്ള
ഒരു മിഷനറി സംഘടന....
താങ്കളുടെ സ്ഥലത്ത് ഉണർവു
യോഗങ്ങൾ നടത്തുവാൻ
താൽപര്യമുള്ളവർ ബന്ധപ്പെടുക
ഈ തലമുറയിൽ യേശുക്രിസ്തുവിന്റെ
കരത്തിൽ ശക്തമായി ഉപയോഗിക്കപ്പെടുന്ന
പാസ്റ്റർ റെന്നി ഇടപ്പറമ്പിൽ
ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ദൈവവചന ധ്യാനം നയിക്കുന്നു
Web : www.eternalhopeindia.com
E-mail: eternalhopeindia@gmail.com
videos:Youtube/rennyedaparampil
For more information contact:
EHMI, PRESIDENT,POST BOX NO. 2634, P.H. WARD, ALAPPUZHA-688 007 ALAPPUZHA -DIST. KERALA, MOB. +91-9446625996

## ഡോ.കോര സംസാരിക്കുന്നു



1. സ്ഥലം വാങ്ങുന്നതിനായി മുളക്കുഴയിൽ വിളിച്ചു കൂട്ടിയ മീറ്റിംഗിൽ പങ്കെടുത്തവരുടെ ഒപ്പ് ശേഖരിച്ചത് എന്തിനാണ് കോരേ - സാംസൺ ചെങ്ങന്നൂർ

*വെള്ളപേപ്പറിൽ ഒപ്പിട്ടു വാങ്ങുന്നത് നേതാക്കന്മാരുടെ പതിവാണല്ലോ മുളക്കുഴയിൽ. ഈ ഒപ്പ് തന്നെ പിന്തുണയ്ക്കുന്നവരുടേതായി മാറുകയും സായ്പിന്റെ അടുക്കൽ എത്തുകയും ചെയ്യുമോ എന്ന് വരും ദിവസങ്ങളിൽ അറിയാം.*

2. മുളക്കുഴയിൽ 3 1/2 ഏക്കർ സ്ഥലം വാങ്ങി എഞ്ചിനീയറിംഗ് കോളേജ് പണിയുന്നത് കോര അറിഞ്ഞില്ലേ - മോൻസി മുളക്കുഴ

*പാതി പണിതിട്ടിരിക്കുന്നതു തീർക്കുകയും അലവൻസുകൾ കൊടുക്കുകയും ചെയ്യട്ടെ ആദ്യം. ഇത്തരം ശർക്കര കുടങ്ങളാണ് മോൻസീ നേതാക്കന്മാർക്കിഷ്ടം. കൈയിട്ടിട്ട് ആരും കാണാതെ നക്കി രസിക്കാമല്ലോ. അങ്കവും കാണാം താളിയും ഒടിക്കാം.*

3. കരിസ്മാ മീറ്റിംഗ് എന്താണ് കോരെ - സാംകുട്ടി തിരുവല്ല.

*വചനത്തിന്റെ അടിത്തറയില്ലാത്തവർ ദുരുപദേഷ്ടാക്കന്മാരേയും പൊങ്ങന്മാരേയും കൊണ്ടുവന്നു നടത്തുന്ന കോമാളിത്തരം.*

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ



പാസ്റ്റേഴ്സ് റ്റി. എ. ജോർജ്ജ്, സജി ജോർജ്ജ്, വൈ. ജോസ്, എം. ജോൺസൺ, ജോസ് ബേബി, ബാബു ചെറിയാൻ
കെ. വി. ജോയിക്കുട്ടി, കെ. റ്റി. വർഗ്ഗീസ്, പി. എൻ. ഫിലിപ്പ്, സജി ഏബ്രഹാം, പി. എ. ജെറാൾഡ്, തോമസുകുട്ടി ഏബ്രഹാം

## അമേരിക്കൻ വിശേഷം



രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

# വീണ്ടും കുമ്പനാട്ട്

ഒരു വർഷത്തിനു ശേഷം കുമ്പനാട്ടെത്തുമ്പോൾ ആകെ മാറ്റം ദൃശ്യമായിരിക്കുന്നു. ഹെബ്രോൻ പുരത്തിനും മാറ്റം ദൃശ്യം. പന്തൽ മനോഹരമായിരിക്കുന്നുവെന്ന് പറയാതെവയ്യ. ഇത്തവണ മാധ്യമപ്രവർത്തകർക്കായി മനോഹരമായ നിലയിൽ ക്രമീകരണം ഉണ്ടാക്കിയിരിക്കുന്നത് നന്നായി. മീഡിയാ റൂം ക്രമീകരണം ഐ.പി.സി കൺവൻഷനിലെ വേറിട്ട കാഴ്ചയായി. പ്രോഗ്രാമുകൾ ഭംഗിയായിരിക്കുന്നുവെന്നു പറയുമ്പോഴും പല പ്രസംഗകരും നിരാശപ്പെടുത്തിയെന്നതും പറയാതെ വയ്യ.

വീണ്ടും ഒരിക്കലൂടെ പിറന്ന നാട്ടിൽ ബന്ധുക്കളും സുഹൃത്തുക്കളുമൊക്കെയായി ഒരുമിച്ചൊരു സന്ദർഭത്തിന്റെ സുഖമുള്ള നൊമ്പരം തിരിച്ചറിയുന്നത് വിദേശ മലയാളികളാണ്. ഐ.പി.സി ഇന്റർനാഷണൽ ബിൽഡിംഗിന്റെ പണിയും ത്വരിതഗതിയിൽ മുന്നേറുന്നു. എന്തായാലും മാറ്റങ്ങളാണ് എവിടേയും. ഇനിയുള്ള ദിനങ്ങൾ കൺവൻഷൻ സ്ഥലങ്ങളിലൂടെയുള്ള യാത്രയുടെ ദിനങ്ങൾ. കുമ്പനാട്ടും തിരുവല്ലയിലും പുനലൂരിലും മലബാറിലും ഒഡീഷയിലും എത്തുന്ന യാത്രാദിനങ്ങൾ.



**ജേണൽ ഫോക്കസ്**

# സിറിയയുടെ തകർച്ചയ്ക്കു വഴിവച്ച രാഷ്ട്രീയ (അവിശുദ്ധ) കൂട്ടുകെട്ടുകൾ. നമ്മുടേയും



റവ. കെ.എം. ജോൺസൺ
പൂവൻതുരുത്ത്,
9497161022

സമീപകാലത്തെ ഏറ്റവും വലിയ മനുഷ്യദുരന്തമാണ് സിറിയയിൽ അരങ്ങേറുന്നത്. ഏകദേശം 3 വർഷമായി അതു തുടരുകയാണ്. 1.3 ലക്ഷം ജനങ്ങൾക്ക് ജീവൻ നഷ്ടമായി. 65 ലക്ഷം പേർ സ്വന്തം നാട്ടിൽ നിന്ന് അഭയാർത്ഥികളായി മാറിത്താമസിക്കുന്നു. ജോർദ്ദാൻ, ലെബനൻ, തുർക്കി എന്നിവടങ്ങളിൽ അഭയം തേടിയവരുടെ എണ്ണം 23 ലക്ഷമാണ്. മൂന്നു വർഷമായിട്ടുള്ള ഈ പശ്ചിമേഷ്യൻ രാജ്യത്തെ ദുരന്തത്തിനു പരിഹാരം കാണാൻ മതിയായ രാജ്യാന്തര ശ്രമങ്ങൾ ഒന്നും നടന്നിരുന്നില്ല. ഒടുവിൽ; സിറിയൻ പ്രശ്നം ആഗോള അജണ്ടയിലേക്ക് വന്നിരിക്കുന്നു. അതിനു വേണ്ടിയുള്ള രണ്ടു പ്രമുഖ രാജ്യാന്തര സമ്മേളനങ്ങളിൽ ആദ്യത്തേത് 15/01/2014-ൽ കുവൈറ്റിൽ വച്ചു നടന്നു. അടുത്തത് 22/01/2014-ൽ സ്വിറ്റ്സർലണ്ടിൽ വച്ചു നടക്കും.

സിറിയയിൽ ആഭ്യന്തരപ്രശ്നങ്ങൾക്ക് എത്രയും വേഗം രാഷ്ട്രീയ പരിഹാരം ഉണ്ടാകണമെന്ന ആഹ്വാനത്തോടെ ഇൻഡ്യ ഉൾപ്പെടെ 60 രാജ്യങ്ങൾ പങ്കെടുത്ത രാജ്യാന്തര സമ്മേളനം ഏകദേശം 14,000 കോടി രൂപ സിറിയൻ ദുരിതാശ്വാസ ധനസഹായമായി പ്രഖ്യാപിച്ചു പിരിഞ്ഞു. ഇതിൽ 12 കോടി രൂപ ഇൻഡ്യയുടേതാണ്. കേരളത്തേക്കാൾ കുറഞ്ഞ ജനസംഖ്യയാണ് (2.3 കോടി) സിറിയയുടേത്. കേരളത്തിലെ ക്രിസ്തീയ സഭകളുമായി നൂറ്റാണ്ടുകാലത്തെ ബന്ധം സിറിയയ്ക്ക് ഉണ്ട്. ലോകത്തിലെ ഏറ്റവും പഴക്കമുള്ള നാഗരികതയും സാംസ്കാരിക അടിത്തറയും സിറിയയ്ക്കുണ്ട്. തനിമ അവകാശപ്പെടാവുന്ന തനതു ശൈലിയും ആരാധനാ സ്വാതന്ത്ര്യങ്ങളും പൈതൃകങ്ങളും സിറിയയ്ക്ക് സ്വന്തമായിട്ടുണ്ട്. എന്നിട്ടും എന്തേ ഈ ചെറിയ രാജ്യം തകർന്നടിഞ്ഞു എല്ലാവർക്കും ഒരു ചോദ്യചിഹ്നമായി മനുഷ്യമനസ്സാക്ഷിയുടെ മുന്നിൽ കൈയ്യും കൂപ്പി നില്ക്കുന്നു? അതിനുള്ള കാരണങ്ങൾ എന്താണ്? അതുകൊണ്ടുതന്നെ സിറിയ നമുക്ക് നല്കുന്ന മുന്നറിയിപ്പുകൾ എന്താണ്? അതിലേക്ക് ഒരു എത്തിനോട്ടം!! ഒരു വിഹഗവീക്ഷണം.

ചരിത്രാതീത കാലത്ത് സിറിയ അരാം എന്നാണ് അറിയപ്പെട്ടിരുന്നത്. (ആവ: 26:5). എന്നാൽ ചരിത്രകാലത്ത് മെസപൊത്താമ്യയുടെ തെക്കും ലെബനൻ പർവ്വതനിരകൾക്കു കിഴക്ക് ദമാസ്കസിനു ചുറ്റുമുള്ള പ്രദേശത്തെയാണ് സിറിയ എന്നു വിവക്ഷിക്കുന്നത്. പുതിയ നിയമത്തിൽ സുറിയ(മത്താ 4: 24, അപ്പോ: 15:23, 40, 18: 18) എന്നും സുറിയക്കാർ (ലൂക്കോ 4: 27) എന്നും രേഖപ്പെടുത്തിയിരിക്കുന്നു. പുരാതന ബാബിലോണിന്റേയും അസ്സീറിയായുടേയും പ്രതാപകാലഘട്ടത്തിൽ സിറിയ അവർക്കു കപ്പം കൊടുത്തു അവരുടെ മേൽക്കോയ്മ അംഗീകരിച്ചിരുന്നു. എന്നാൽ യിസ്രായേലിന്റെ സഹായത്തോടെ അസ്സീറിയായെ തോല്പിക്കാം എന്ന മോഹം സിറിയയ്ക്കുണ്ടായി. BC 732-ൽ അതിദയനീയമായി അസ്സീറിയ സിറിയയെ തോല്പിച്ചു. പേർഷ്യ, ഗ്രീക്ക് സാമ്രാജ്യ ഭരണകാലത്ത് സിറിയ അതതു സാമ്രാജ്യത്തിന്റെ പ്രവിശ്യയായി മാറുകയുണ്ടായി. അലക്സാണ്ടറുടെ മരണശേഷം സിറിയ സെലൂക്കസിന്റെ അധീനതയിലായി. സെലൂക്യ വംശത്തെ തോല്പിച്ചു റോമൻ ഭരണം സ്ഥാപിച്ചപ്പോൾ സിറിയ റോമൻ പ്രവിശ്യയായി; തലസ്ഥാനം അന്ത്യോക്യയിലേക്ക് മാറ്റി സ്ഥാപിച്ചു.

സിറിയയിലെ അന്ത്യോക്ക്യ ഇന്ന് തുർക്കിയിലെ അന്റാക്കി എന്ന പട്ടണമാണ്. ക്രിസ്ത്യാനികൾ എന്ന് ആദ്യമായി വിശ്വാസികൾക്കു പേരുണ്ടായത് അന്ത്യോക്ക്യയിൽ വച്ചാണ്.(അപ്പോ:11:26) സ്തേഫാനോസിന്റെ രക്തസാക്ഷി മരണത്തിനുശേഷം ഓടിപ്പോയ വിശ്വാസികളാണ് ഇവിടുത്തെ ആദ്യ ക്രൈസ്തവ തലമുറ (AD 40 : അപ്പോ:11:19-20) അന്ത്യോക്ക്യയിലെ സഭയാണ് പൗലോസിനേയും ബർന്നബാസിനേയും ഒന്നാമത്തെ മിഷനറി യാത്രയ്ക്ക് അയച്ചത്. (അപ്പോ:13:1-3)(AD100-നു ശേഷം അന്ത്യോക്ക്യയിലെ സഭയ്ക്കു നേതൃത്വം നൽകിയത് ഇഗ്നാത്യോസ് ആയിരുന്നു. മെത്രാൻ, കശ്ശീശ്ശ, ശെമ്മാശൻ എന്നിങ്ങനെയുള്ള ഹൈറാർക്കി സഭയിൽ കൊണ്ടുവന്നത് ഇദ്ദേഹമാണ്. അന്തോക്ക്യയിലെ പാത്രീയർക്കീസുമാർ ഇന്നും ഇഗ്നാത്യോസ് എന്നാണ് അറിയപ്പെടുന്നത്.) ഇതാണ് സിറിയയുടെ ലഘുവേദപുസ്തക ചരിത്ര പശ്ചാത്തലം.

ഇനി സമകാലിക ചരിത്രത്തിലേക്ക്!!! 2011-ൽ ട്യൂണീസ്യ, ഈജിപ്ത്, ലിബിയ എന്നിവിടങ്ങളിൽ ജനകീയ സമരങ്ങൾ പൊട്ടിപുറപ്പെട്ടപ്പോൾ സിറിയയിലും അതു പടർന്നു പന്തലിക്കുമെന്ന് ആരും കരുതിയില്ല. കാരണം അത്രയ്ക്കു കെട്ടുറപ്പുള്ളതായിരുന്നു ബഷാർ -അൽ-അസദിന്റെ ഭരണം. പക്ഷേ 2011 മാർച്ചിൽ ദമാസ്കസിലും റോയിലും അശാന്തിയുടെ ഉഷ്ണക്കാറ്റ് വീശി തുടങ്ങി. സോഷ്യൽ വെബ്സൈറ്റുകൾ അതിന്റെ ആക്കം കൂട്ടി. ദറായിൽ വിപ്ലവമുദ്രാവാക്യങ്ങൾ മതിലിൽ എഴുതിയ 16 വിദ്യാർത്ഥികളെ സൈന്യം പിടികൂടി പീഡിപ്പിച്ച സംഭവം പെട്ടെന്നു ജനരോഷം ആളിക്കത്തിച്ചു. സുരക്ഷാസേനയിലെ ഉദ്യോഗസ്ഥരിൽ നല്ല സംഖ്യ സമരക്കാരുടെ പക്ഷം ചേർന്നതോടെ സിറിയ ഇളകിമറിഞ്ഞു. ബഷാർ ചില ഭരണപരിഷ്ക്കാരങ്ങൾ കൊണ്ടുവന്നു സമരത്തെ തടയിടാൻ ശ്രമിച്ചെങ്കിലും രാജ്യം നിലയില്ലാകയത്തിലേക്ക് കൂപ്പു കുത്തുകയായിരുന്നു.

കാരണം എന്താണ്? കമ്മ്യൂണിസ്റ്റ് ആഭിമുഖ്യവും ഇറാൻ അനുഭാവവുമുള്ള ബഷാറിന്റെ അറബ് സോഷ്യലിസ്റ്റ് ബാത്ത് പാർട്ടിയുടെ നേതൃത്വത്തിലുള്ള സർക്കാരിനെതിരായിട്ടുള്ള നിലപാടുകളിലായിരുന്നു പാശ്ചാത്യരാജ്യങ്ങളും ഗൾഫ് രാജ്യങ്ങളും. ബഷാറിന്റെ അവിശുദ്ധ രാഷ്ട്രീയ ബന്ധങ്ങളും ഇടപെടലുകളുമാണ് സിറിയയെ തകർത്തു കളഞ്ഞത്. ഇന്നു സിറിയയിലെ പകുതി ജനങ്ങളും കലാപക്കെടുതി അനുഭവിക്കുകയാണ്. രാജ്യം സാമ്പത്തികമായി തകർന്നു. ആശുപത്രികളിൽ 65%- വും നശിപ്പിക്കപ്പെട്ടു. ആയിരങ്ങളെ തട്ടിക്കൊണ്ടുപോയി. അവരിൽ സിറിയൻ ഓർത്തഡോക്സ് സഭയിലെ ബിഷപ്പുമാരും ഉൾപ്പെടുന്നു. ഒരു വർഷമായിട്ടും ഇവരെ പറ്റി യാതൊരു വിവരവും ഇല്ലയെന്നുള്ളതും ഭയം ജനിപ്പിക്കുന്നു.

ഭരണപക്ഷവും പ്രതിപക്ഷവും ചേർന്നുള്ള ദേശീയ കൂട്ടുകക്ഷി സഖ്യമാണ് ആഗോളസമ്മേളനങ്ങളുടെ ലക്ഷ്യം. എന്നാൽ ഇത് എത്രത്തോളം ഫലപ്രദമാകുമെന്ന് കണ്ടറിയേണ്ടതുണ്ട്; കാരണം പൊതു നിലപാട് എടുക്കുവാൻ കഴിയാത്തവിധം അത്രയ്ക്കു ശിഥിലമാണ് നിലവിലുള്ള പ്രതിപക്ഷം. ആക്രമണം അഴിച്ചു വിട്ടിരിക്കുന്ന അൽ-ഖായിദ ഒരു സന്ധിക്കും വഴങ്ങുന്ന ലക്ഷണമില്ല. (ഈ ഭീതി ഇപ്പോൾ വീണ്ടുവിചാരത്തിനു ബഷാറിനെ പ്രേരിപ്പിക്കുന്നുണ്ടുതാനും).

അന്തഃഛിദ്രങ്ങളിലും മത രാഷ്ട്രീയ തീവ്രവാദത്തിന്റെ കനൽക്കാറ്റിനാലും തകർന്നുപോയ സിറിയ പെന്തക്കോസ്തു പ്രസ്ഥാനങ്ങൾക്കും ഒരു മുന്നറിയിപ്പാണ്. പെന്തക്കോസ്തു സഭകളിലും സഭാരാഷ്ട്രീയത്തിന്റെ അടിയൊഴുക്കുകൾ ശക്തമാണ്. പ്രാദേശികവാദത്തിന്റെ കനൽക്കാറ്റുകൾ നേരത്തേ തന്നെ വീശിത്തുടങ്ങിയിട്ടുണ്ട്.

ഇൻഡ്യ പെന്തക്കോസ്തു ദൈവസഭ (IPC) ഇന്നു നവതിയുടെ നിറവിലാണ്. IPC യുടെ രാജ്യാന്തര ആത്മായ സംഗമമായ കുമ്പനാട്ടു കൺവൻഷൻ നടക്കുകയാണ്. ഒരു വർഷത്തെ നവതി ആഘോഷങ്ങൾ 25-നു കുമ്പനാട് ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. നവതിക്ക് വിപുലമായ പദ്ധതികൾക്ക് സഭ രൂപം കൊടുത്തിട്ടുണ്ട്. (2014 ജനുവരി 10 വെള്ളി പേജ് 13 മലയാള മനോരമ കാണുക). സത്യം മനസ്സിലാക്കി തുടങ്ങിയപ്പോൾ, നേരത്തെയൊക്കെ, സമുദായക്കാരിൽ നിന്നായിരുന്നു പെന്തക്കോസ്തിലേക്ക് ഒഴുക്കുണ്ടായിട്ടുള്ളത്. എന്നാൽ നമ്മുടെയൊക്കെ ആത്മീയസംഗമ വേദികളിൽ നമ്മുടെ ആത്മീയനേതാക്കളുടെ രാഷ്ട്രീയ അവിശുദ്ധ കൂട്ടുകെട്ടുകൾ (സോളാർ-പെൺവാണിഭം) നാം കൺകുളിർക്കെ കാണുമ്പോൾ സിറിയയുടെ അധഃപതനമാണ് ഓർമ്മ വരുന്നത്. കാരണം പ്രാർത്ഥിക്കുന്ന വിശ്വാസികളേ മനം നൊന്തു പ്രാർത്ഥിക്കു; ഒരു ആത്മീയ 'സിറിയ' പെന്തക്കോസ്തു പ്രസ്ഥാനങ്ങളിൽ അനുവദിക്കരുത്. സഭകളിൽ നിന്നുള്ള പാലായനമല്ല സഭകളിലേക്കുള്ള കടന്നുവരവാണ് നമുക്കാവശ്യം; ശുഭം.

## 05 ദൈവരാജ്യത്തിലെ വിഷ....

ളിമാർ പ്രസംഗിക്കാനും മീറ്റിങ്ങു സംഘടിപ്പിക്കാനും കാശിങ്ങോട്ടു കൊടുക്കുമത്രേ. ആനന്ദലബ്ദിക്കിനിയെന്തു വേണം?

സുവിശേഷയോഗം കേൾക്കാൻ വന്നു എന്ന കുറ്റത്തിന് പിച്ചക്കാരന്റെ വരെ പാത്രത്തിൽ കയ്യിട്ടു വാരിനടത്തുന്ന സംഘാടകരെ എന്തിനൊടുപമിക്കണം? "സീസർക്കുള്ളത് സീസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും" എന്ന് തൊണ്ട കീറുന്ന പ്രസംഗികരിലെത്രപേർ വെറുതെ കിട്ടുന്ന ഈ പൈസക്ക് നികുതി കൊടുക്കുന്നു? സമൂഹത്തെ അർബുദം പോലെ കാർന്നു തിന്നുന്ന മദ്യം, മയക്കുമരുന്ന്, സാത്താന്യ ആരാധന തുടങ്ങിയ വിപത്തുകളെക്കുറിച്ച് ഒരക്ഷരം പോലും വായ് തുറന്നു പറയാതെ സ്ഥിരം കുറെ വാക്യങ്ങളും പിന്നെ രണ്ടു കോമഡിയുമായി എല്ലാകാലത്തും എല്ലാ സ്റ്റേജിലും കയറിയിറങ്ങാമെന്നും തങ്ങളെ എന്നും ചുമക്കാൻ ആരെങ്കിലുമൊക്കെ എന്നും കാണുമെന്ന തിരിച്ചറിവുമാണ് ഇവരുടെ ആത്മവിശ്വാസത്തിനു കാരണം.

ആരെങ്കിലും ഗുണപ്പെട്ടോ എന്നതിനെക്കാൾ എത്ര പൊടിച്ചു എന്നത് പരമപ്രധാനം. "ഈ ചിലവാക്കിയ വൻതുക കൊണ്ട് നല്ല ട്രാക്റ്റ് അടിച്ചോ ബൈബിൾ വാങ്ങിച്ചോ വീടുകൾ കയറിയെങ്കിൽ ഇതിലും ഭേദമായിരുന്നു, ഒരാത്മാവിനെയെങ്കിലും നേടാമായിരുന്നു" എന്നൊക്കെ പറയുന്നവനെ കമ്മറ്റിയിൽ കയറ്റാതിരിക്കാൻ പ്രത്യേക ശ്രദ്ധ എപ്പോഴും കാണിക്കുന്നു. ഇനിയിപ്പോൾ പൊന്നാട അണിയിക്കലൊക്കെ തുടങ്ങിയ സ്ഥിതിക്ക് ഷഷ്ടി പൂർത്തിയും അക്ഷയ ത്രിതീയയുമൊക്കെ ഇതിനകത്തേക്കും വരുമോ ആവോ? ഏതായാലും നെറ്റിപ്പട്ടം കെട്ടിയ ഗജകേസരികളെ ഒരു നാളും കൊണ്ട് വരില്ലെന്ന് ആശ്വസിക്കാം. കാരണം അതിലും വലിയ പുള്ളികൾ പാവപ്പെട്ട വിശ്വാസിയുടെ ചിലവിൽ കൊഴുത്തുരുണ്ട് തലയെടുപ്പോടെ ഇപ്പോൾ തന്നെ സ്റ്റേജിലുണ്ടല്ലോ.

# കൗൺസലിംഗ് പരിശീലനം




**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ്, കേരളാ സ്റ്റേറ്റ് കൗൺസലിംഗ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടന്ന ഹ്രസ്വകാല കോഴ്സ് സമാപിച്ചു. ജനുവരി 13 മുതൽ 16 വരെ, 4 ദിവസത്തെ ക്ലാസ്സിൽ പഠനം പൂർത്തിയാക്കിയവർക്ക് സമാപനസമ്മേളനത്തിൽ സർട്ടിഫിക്കറ്റുകൾ ഓവർസീയർ പാസ്റ്റർ. പി.ജെ. ജയിംസ് വിതരണം ചെയ്തു. ഡയറക്ടർ പാസ്റ്റർ എ.റ്റി. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി പാസ്റ്റർ റോജി സാമുവേൽ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. എഡ്യൂക്കേഷൻ ഡയറക്ടർ, പാസ്റ്റർ ജോൺസൺ ഡാനിയേൽ, പ്രിൻസിപ്പാൾ റവ. സുജു ജോൺ എന്നിവർ ആശംസകളറിയിച്ചു.

# പാറത്തോട് കൺവൻഷൻ സമാപിച്ചു



പാറത്തോട് കൺവൻഷനിൽ ഷീബാ കുര്യൻ പ്രസംഗിക്കുന്നു

**പാറത്തോട്:** ഐ.പി.സി സെന്റർ കൺവൻഷൻ സമാപിച്ചു. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ മാത്യു പി. ഡേവിഡ് ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ റവ. വിക്ടർ സോളമൻ, റവ. സാം ഈനോസ്, പാ. ഫിലിപ്പ് പി. തോമസ് (ഐ.പി.സി കേരള സ്റ്റേറ്റ് സെക്രട്ടറി), റവ. സാം ജോർജ്ജ് (ഐ.പി.സി ജനറൽ ജോ. സെക്രട്ടറി), ജേക്കബ് ജോർജ്ജ്, ഐ.പി.സി യു.കെ. അയർലാന്റ് റീജിയൻ പ്രസിഡന്റ് റവ. ഒ.എം. രാജുക്കുട്ടി, ഡബ്ലിയു. എം.ഇ. ഓവർസിയർ പാസ്റ്റർ. കെ.പി. കുര്യൻ എന്നിവർ പ്രസംഗിച്ചു. മുണ്ടക്കയം ഡിവൈൻ ടച്ച് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. സോദരീ സമാജം സമ്മേളനത്തിൽ സിസ്റ്റർ ഷീബാ കുര്യൻ പ്രസംഗിച്ചു. ദൈവവചനമാകുന്ന മേച്ചലിൽ ധാരാളം പുൽപ്പുറങ്ങളുണ്ട്. ആദം മുതലുള്ള ആളുകൾ ഈ മേച്ചലിൽ മേഞ്ഞിട്ടും തീർന്നുപോകാതെ വീണ്ടും വീണ്ടും തളിരിടുന്ന പുൽമേടുകളും പിതാക്കന്മാർ മുതലുള്ളവർ കുടിച്ചിട്ടും തീർന്നുപോകാതെ ഇന്നും വക്കോളം നിറഞ്ഞുനിൽക്കുന്ന പരിശുദ്ധാത്മനദിയും തന്റെ ആടുകൾക്കായി നല്ലയിടൻ ഒരുക്കിയിരിക്കുന്നു സിസ്റ്റർ ഷീബാ പറഞ്ഞു.

## ഭാരവാഹികളെ തെരഞ്ഞെടുത്തു



പാസ്റ്റർ തോമസ് മാത്യു ചാരുവേലി (പ്രസിഡന്റ്)



പാസ്റ്റർ എ. സി. ജോർജ്ജ് (അസ്സോ. സെന്റർ പാസ്റ്റർ)

**എരുമേലി:** ഐ. പി. സി. എരുമേലി ഏരിയ ജനറൽബോഡി 2013 ഡിസംബർ 21 ശനിയാഴ്ച തുലാപ്പള്ളി ബർശേബാ ചർച്ചിൽ കൂടി 2014-15ലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. പാസ്റ്റർ തോമസ് മാത്യു ചാരുവേലി (പ്രസിഡന്റ്), പാസ്റ്റർ എ. സി. ജോർജ്ജ് (അസ്സോ. സെന്റർ പാസ്റ്റർ), പാസ്റ്റർ കെ. പി. സ്കറിയ (വൈസ് പ്രസിഡന്റ്), ഇവാ. വത്സൻ കെ. മാത്യു (വൈസ് പ്രസിഡന്റ്), പാസ്റ്റർ കെ. സി. രാജൻ (സെക്രട്ടറി), ബ്രദർ ജെയിംസ് മാത്യു (ജോ. സെക്രട്ടറി), ബ്രദർ തോമസ് തോപ്പിൽ (ട്രഷറർ), പാസ്റ്റർ അനിൽ വി. ജെ., പാസ്റ്റർ എം. ജെ. ബെന്നി, പാസ്റ്റർ ഉമ്മൻ മാത്യു, ബ്രദർ ജോർജ്ജ് പി., തമ്പി രാജൻ, റ്റി. സി. മാത്യു, സാബു കെ. കെ., ബി. ജോഷാ, പീറ്റർ തോമസ് (കമ്മറ്റി മെമ്പേഴ്സ്).

## എളിയ തുടക്കത്തെ ദൈവം ആദരിച്ചു: പാസ്റ്റർ ജേക്കബ് ജോൺ



പാസ്റ്റർ റ്റി. എസ്. ഏബ്രഹാം നവതികൺവൻഷനിൽ അധ്യക്ഷ പ്രസംഗം നടത്തുന്നു.

**കുമ്പനാട്:** നമ്മുടെ പൂർവ്വികർ ഭക്തരും വിശ്വസ്തരും പ്രാർത്ഥനാവീരന്മാരുമായിരുന്നു. പ്രാർത്ഥനയിലൂടെ അവർ വലിയ കാര്യങ്ങൾ നേടി. കേരളക്കരയിൽ നൂറുകണക്കിന് പിതാക്കന്മാർ ത്യാഗപൂർണമായ പ്രവർത്തനത്തിലൂടെയാണ് പെന്തക്കോസ്തിന് അടിത്തറയിട്ടത്. എളിയ തുടക്കത്തെ ആദരിക്കുന്ന കർത്താവ് അവരുടെ പ്രവർത്തനങ്ങളെ മാനിച്ചു. അതിന്റെ ഫലമാണ് 90-ാമത് കൺവൻഷനിൽ പങ്കെടുക്കുവാൻ നമുക്കു ലഭിച്ച ഈ അവസരം പാസ്റ്റർ ജേക്കബ് ജോൺ പറഞ്ഞു. ജനുവരി 19 മുതൽ 26 വരെ നടക്കുന്ന ഐ. പി. സി. നവതി കൺവൻഷൻ ഹെബ്രോൻപുരത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സഭാ സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ റ്റി. എസ്. ഏബ്രഹാം അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പാസ്റ്റർ കെ. സി. ജോൺ സഹശുശ്രൂഷകനായി. ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ ബേബി വർഗീസ്, ജനറൽ ജോയിന്റ് സെക്രട്ടറി പാസ്റ്റർ സാം ജോർജ്ജ്, ജനറൽ ട്രഷറർ ബ്രദർ ജോൺ ജോസഫ്, സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല തുടങ്ങിയവർ പ്രസംഗിച്ചു. കേരളാ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ. സി. തോമസ് സങ്കീർത്തനം വായിച്ചു. പാസ്റ്റേഴ്സ് വത്സൻ ഏബ്രഹാം, കെ. എം. ജോസഫ്, കെ. എം. ജോൺ, ഫിലിപ്പ് പി. തോമസ്, ഷിബു നെടുവേലിൽ, ശർസീം പി. ജോൺ, സണ്ണി അലക്സാണ്ടർ, പി. ജോയി, സ്റ്റേറ്റ് ട്രഷറർ ബ്രദർ സണ്ണി മുളമൂട്ടിൽ, പീറ്റർ മാത്യു വല്യത്ത്, എം. വി. ഫിലിപ്പ്, സുധി ഏബ്രഹാം തുടങ്ങിയവർ സംബന്ധിച്ചു. പാസ്റ്റർ ജോസഫ് കെ. മാത്യുവിന്റെ നേതൃത്വത്തിലുള്ള കൺവൻഷൻ ക്വയർ ഗാനങ്ങൾ ആലപിച്ചു.

## ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് കുടുംബ സംഗമം



**തിരുവല്ല:** ചർച്ച് ഓഫ് ഗോഡിലെ എഴുത്തുകാരുടേയും പ്രസാധകരുടേയും ഐക്യവേദിയായ ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പിന്റെ കുടുംബസംഗമം ഡിസംബർ 23,24 തീയതികളിൽ നിലയ്ക്കൽ എക്യുമെനിക്കൽ സെന്ററിൽ നടന്നു. പ്രസിഡന്റ് പാസ്റ്റർ പി. ജി. മാത്യൂസ് ഉദ്ഘാടനം ചെയ്തു. വർഗ്ഗീസ് സി.തോമസ് (മലയാള മനോരമ), സുവി, പി.ഐ. ഏബ്രഹാം തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു. ദുരുപദേശ പ്രവണതകളും മാധ്യമ ഇടപെടലുകളും എന്ന വിഷയത്തെക്കുറിച്ച് ജെയിംസ് പാണ്ടനാട് പ്രബന്ധം അവതരിപ്പിച്ചു. പാസ്റ്റർ സാംകുട്ടി മാത്യു ചർച്ചയ്ക്ക് നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ ജെ. ജോസഫ്, ഷിബു കെ.മാത്യു, ഷൈജു തോമസ്, കെ.സി. സണ്ണിക്കുട്ടി, കെ.എ. ഉമ്മൻ, സണ്ണി വർക്കി തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം കൊടുത്തു.

## പാസ്റ്റർ എം. ഇ. ജേക്കബ് നിത്യതയിൽ



**മവേലിക്കര:** ദി ചർച്ച് ഓഫ് ഗോഡ് സഭാസ്ഥാപകൻ പാസ്റ്റർ എം.ഇ. ജേക്കബ് (കല്ലുമല കുഞ്ഞുമോൻ 78)ജനുവരി 10-നു കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്ക്കാരം 16-ന് നടന്നു. മുളമൂട്ടിൽ മലയിൽ കുടുംബാംഗമായ ഇദ്ദേഹം മുംബൈയിൽ സയന്റിസ്റ്റായി ജോലി ചെയ്യവേ 1962 -ൽ രക്ഷിക്കപ്പെട്ടു. അഞ്ചു വർഷത്തോളം പെന്തക്കോസ്തുമിഷൻ സഭാകൂട്ടായ്മയിലായിരുന്നു. 1969-ൽ രാജി വെച്ച് കർതൃശുശ്രൂഷാരംഗത്തേക്ക് തിരിഞ്ഞു. 1973-ൽ കല്ലുമലസഭ രൂപീകരിച്ചു. ഇൻഡ്യയിലും വിദേശത്തുമായി 150-ൽ പരം സഭകളുണ്ട്. പരേതനായ പാസ്റ്റർ പി.എം. ഫിലിപ്പിന്റെ ഭാര്യാ സഹോദരനാണ്. മണക്കാലാ ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി വൈസ്പ്രസിഡന്റായിരുന്നു. 'പ്രത്യാഗമനശബ്ദം' മാസിക പ്രസിദ്ധീകരിച്ചിരുന്നു. വെളിപ്പാട് പുസ്തക വ്യാഖ്യാനം, അടിസ്ഥാന ഉപദേശങ്ങൾ എന്നീ പുസ്തകങ്ങളുടെ രചയിതാവാണ്. ഭാര്യ: കുഞ്ഞമ്മ ജേക്കബ് മക്കൾ : ഈശോ ജേക്കബ്, സിജി, ഫെബി. പാസ്റ്റർ അലക്സ് ഇളയ മരുമകനാണ്.

## സുവിശേഷയോഗവും സംഗീത വിരുന്നും

സുവിശേഷയോഗം 2014 ഫെബ്രുവരി 8,9,10 തീയതികളിൽ മാമ്മൂട് കവലയ്ക്ക് സമീപം നടക്കും. പാസ്റ്റർ സി.വി. ജോൺ (ഡിസ്ട്രിക്ട് പാസ്റ്റർ ഐ.പി.സി. ചങ്ങനാശ്ശേരി) ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർ പി.എ. ഏബ്രഹാം (പൊന്നച്ചൻ പുറമറ്റം),പാസ്റ്റർ പി.ഐ. ഏബ്രഹാം (കാനം അച്ചൻ), പാസ്റ്റർ കെ.ഒ. തോമസ് (തൃശൂർ) തുടങ്ങിയവർ വചനശുശ്രൂഷ നിർവ്വഹിക്കും. രെഹോബോത്ത് മ്യൂസിക്കൽ ടീം ഗാനശുശ്രൂഷ നിർവ്വഹിക്കും. സുവി. എം. സി. ജോർജ്ജ് നേതൃത്വം നൽകും.

## നിത്യതയിൽ



**ആലീസ് വെസലി (65)**

**അലബാമാ:** കാരക്കൽ ജോൺസാറിന്റെ മകൻ റവ. ഡോ. ജോൺ വെസലിയുടെ ഭാര്യ ആലീസ് വെസലി നിത്യതയിൽ പ്രവേശിച്ചു. ജനുവരി 17-ന് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ ബെറിഹിൽ ഫ്യൂണറൽഹോം 2305 മെമ്മോറിയൽ പാർക്ക്വേ നോർത്ത് വെസ്റ്റ്, ഹണ്ട്സ്വിൽ, അലബാമാ 35810 വെച്ച് പൊതുദർശനവും, ശനിയാഴ്ച ശവസംസ്കാരം നടത്തി. മക്കൾ: റോബർട്ട് വെസലി, ജോഷുവാ വെസലി.

## 57-ാമത് വൈക്കം സെന്റർ കൺവൻഷൻ

**കുറുപ്പന്തറ:** ഐ. പി. സി. വൈക്കം സെന്ററിന്റെ 57-ാമത് വാർഷിക കൺവൻഷൻ ഫെബ്രുവരി 6-9 വരെ കുറുപ്പന്തറ മാഞ്ഞൂർ പഞ്ചായത്ത് സ്റ്റേഡിയത്തിൽ വച്ച് നടക്കും. സെന്റർ മിനിസ്റ്റർ പാസ്റ്റർ രാജു ആനിക്കാട് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ വി. പി. ഫിലിപ്പ്, ബി. മോനച്ചൻ, എബി ഏബ്രഹാം, സാം ജോർജ്ജ്, റ്റി. എ. ചെറിയാൻ, സിസ്റ്റർ ശ്രീലേഖ മാവേലിക്കര തുടങ്ങിയവർ പ്രസംഗിക്കും. സംയുക്ത സഭായോഗം, സോദരീസമാജം, സൺഡേസ്കൂൾ, പി. വൈ. പി. എ. സമ്മേളനം, മാസയോഗം, ശുശ്രൂഷകസമ്മേളനം എന്നിവ ഉണ്ടായിരിക്കും.




# PASTOR NEEDED

Hebron Christian Church
San Jose - California - USA
Bible based Pentecostal Church seeking a full time Pastor Starting July 2014

- Ordained Minister of a Pentecostal Church
- Spirit filled and spirit led
- Bachelors degree or above in Theology or Biblical Studies
- Previous pastoral and administrative experience
- Ability to minister to youth and adults alike
- Sound Bible teacher and Motivated Evangilist
- Fluent in English and Malayalam
- US Citizen or Permanent Resident

Apply with two references by Jan 10th,2014 to: pastorsearch@hccus.com
For More details visit:
http://www.hccus.com/pastor-search.html or Call 408 454 8514

ലേഖനം

# ഗഹനയാനം ഗേഹസീമാർഗ്ഗം: അപഹാസ്യം



ഷൈജു ഡാനിയേൽ
അടൂർ
shyjudani@gmail.com

അങ്ങനെ ഗേഹസി നയമാനെ പിന്തുടരുന്നു!! (2 രാജാ 5:21). നയമാന്റെ നയങ്ങളിലെ കെടുകാര്യസ്ഥതയാകാം, പ്രവാചകനായ ഏലിശ അവനിൽ നിന്നം സമ്മാനങ്ങൾ തിരസ്കരിച്ചത്. അവന്റെ നയങ്ങളെ പിന്തുടരാതെപ്രവാചകൻ വഴിമാറിപ്പോയി. പ്രവാചകശിഷ്യൻ നയമാനെ അനുഗമിക്കുന്നു. "നിന്റെ ആത്മാവിൽ ഇരട്ടി പങ്കു എന്റെമേൽ വരുമാറാകട്ടെ" എന്നതായിരുന്നു ഏലിയാവിനെ പിൻപറ്റിയ ഏലിശയുടെ എക്കാലത്തെയും താൽപര്യമെങ്കിൽ പ്രവാചകൻ നിരസിച്ചതിന്റെ ഇരട്ടി പങ്കു കൈപറ്റുവാൻ ഏലിശയുടെ ബാല്യക്കാരൻ നടത്തുന്ന കഠിന ശ്രമങ്ങൾ ശ്രദ്ധേയമാണ്. പ്രവാചകനോടൊപ്പമാണ് സഹവാസമെങ്കിലും മനസ്സുകൊണ്ട് മറ്റു പലതിനെയും പിന്തുടരുന്നവനായിരുന്നു ഗേഹസി എന്നതിൽ അഭിപ്രായവ്യത്യാസമുണ്ടാകില്ല. ഭൗതികമായതൊക്കെ ത്യജിച്ചു ദൈവീക ശുശ്രൂഷകളിൽ മാത്രം വ്യാപൃതനായിരിക്കുന്ന തന്റെ യജമാനന്റെ രീതികൾ ഗേഹസിയെ പലപ്പോഴും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ലഭിക്കപ്പെട്ട ശുശ്രൂഷയെ മുതലാക്കി ധനവാനാകാനുള്ള ദൈവം കൊടുക്കുന്ന അവസരങ്ങളെ വിട്ടുകളയുന്ന ഈ പ്രവാചകന്റെ സമീപനങ്ങളെ വിവരമില്ലായ്മയായി മാത്രമേ ഗേഹസിക്ക് കാണുവാൻ കഴിഞ്ഞിട്ടുണ്ടാകു. രോഗശാന്തിയിലൂടെയും മറ്റിതര ശുശ്രൂഷകളിലൂടെയും ഒക്കെ കൈകളിലെത്തേണ്ട കനത്ത പ്രതിഫലത്തെ ഒന്നുമില്ലാത്തതായി കണ്ടുകൊണ്ട് അതിനെ നിരാകരിക്കുന്ന ഏലീശാഭാവത്തെ ഗേഹസി തന്റെ ഉള്ളിന്റെ ഉള്ളിൽ നിശബ്ദവാക്കുകളിൽ പലവുരു ചോദ്യം ചെയ്തിട്ടുണ്ടാകാം. രോഗശാന്തി വരാത്ത ധനാഗമന മാർഗ്ഗമായി കാണുവാനുള്ള ഏലീശയുടെ വൈമുഖ്യം ഇവനെ ആശങ്കയിലാക്കിയിട്ടുണ്ടാകും.!

അങ്ങനെ ഇരിക്കവേ സുറിയക്കാരൻ നയമാന്റെ വരവ് ഗേഹസ്സീമാർഗ്ഗത്തിന്റെ അകംപൊരുൾ അറിയാൻ ഒരു ഹേതുവായി. ചില്ലികാശ് പോലും സമ്മാനം വാങ്ങാതെ പ്രവാചകൻ മടക്കിവിട്ട നയമാൻ കൊണ്ടുവന്ന കനത്ത ദ്രവ്യത്തിൽ ഗേഹസ്സിയുടെ കണ്ണുകൾ ഉടക്കിയതിൽ അത്ഭുതപ്പെടാനൊന്നുമില്ല. നാളുകൾ ഏറെയായി ദൈവീക കാര്യങ്ങളിൽ യജമാനനായ ഏലീശയോടൊപ്പമാണെങ്കിലും വേണ്ടപോലെ സാമ്പത്തികമായി മുന്നേറുവാൻ കഴിയാതിരുന്ന ഈ പ്രവാചകശിഷ്യന് കൈവന്ന ഈ അസുലഭ അവസ്സരം ശുശ്രൂഷയോടുള്ള ബന്ധത്തിൽ ദൈവത്തിൽ നിന്നും ഉള്ള നന്മയായി കാണുവാൻ ഗേഹസ്സിയുടെ ഉള്ളിൽ സാത്താൻ തന്നെ നിർബന്ധിച്ചു. സമാധാനത്തോടെ ഏലീശ നയമാനെ പറഞ്ഞയച്ചെങ്കിലും പറഞ്ഞറിയിക്കാനാവാത്ത അസ്സമാധാനത്തിൽ അസ്വസ്ഥനായി ഈ ശിഷ്യൻ!!.. വിശുദ്ധൻ വിട്ടുകളഞ്ഞതിന്റെ പിന്നാലെ വിടാതെ പിന്തുടരുന്ന ഈ വിനാശശിഷ്യന്റെ ഓട്ടത്തിനിടയിൽ തന്റെ വികലമനസ്സിൽ ഇടയ്ക്കിടെയുരുവായ ധാർമ്മികതയുടെ ചിന്തകൾക്ക് മനപൂർവ്വം ചെവികൊടുക്കാതെ നയമാന്റെ രഥം ലക്ഷ്യമാക്കി പായുമ്പോൾ നശീകരണ സ്വഭാവത്തോടെ ആഴത്തിലേക്ക് മുങ്ങുന്ന ഒരു യാനം പോലെ ആയി ഈ ഗേഹസ്സീമാർഗ്ഗം!. പ്രവാചകന്റെ ബാല്യക്കാരൻ എന്ന നിലയിൽ നയമാനിൽ നിന്ന് ലഭിക്കുന്ന സ്നേഹ ബഹുമാനങ്ങൾ മരണാനന്തരാദരവുകളായി മാത്രമേ കാണേണ്ടതുള്ളൂ. ദൈവഹിതമല്ലാത്ത വഴികളിലൂടെ യാത്ര ചെയ്യുമ്പോഴും ഒരു ഭക്തൻ എന്ന ലേബലിൽ ലോകം വച്ച് നീട്ടുന്ന ഭക്ത്യാദരവുകൾ ദൈവീക നീതിയുടെ ഭാഗമാണെന്നുള്ള അബദ്ധ സിദ്ധാന്തം സാത്താന്യ ഉൽപ്പന്നമാണ്. നയമാന്റെ മുമ്പിലുള്ള ഗേഹസിയൻ പ്രകടനങ്ങൾ നാം ഉൾപെട്ടു നിൽക്കുന്ന ഈ വർത്തമാനകാല ആത്മീയതയുടെ ഒരു തനിയാവർത്തനമാണ്. എഫ്രയീം മലനാട്ടിൽ നിന്നെത്തിയ പ്രവാചകശിഷ്യന്മാരെ സ്വീകരിക്കുവാൻ എന്ന ഭാവേന ഭൗതീക നേട്ടങ്ങൾക്കുവേണ്ടി ഗേഹസ്സി നടത്തുന്ന വിലകുറഞ്ഞ ഇടപാടുകൾ തീർത്തും അപഹാസ്യമാണ്. ദൈവദാസന്മാരെ ബഹുമാനിക്കുവാനുള്ള ഇദ്ദേഹത്തിന്റെ തീവ്രമായ താല്പര്യം നയമാനെ പറ്റിക്കാനുള്ള വെറുമൊരു സൂത്രം.!!

വീണിരന്നുവാങ്ങിയ വിഹിതമല്ലാത്ത വെള്ളിയും വസ്ത്രവും വീട്ടിൽ വച്ചിട്ട് വീണ്ടും വിശുദ്ധിയുടെ വസ്ത്രവും ഇട്ടു പ്രവാചകസവിധെ നിൽക്കുമ്പോൾ മുൻകഴിഞ്ഞതെല്ലാം ആത്മാവിൽ ദർശിച്ചുകൊണ്ടിരുന്ന ഏലിശയുടെ ചോദ്യം ചെയ്യലിൽ പതറിപ്പോയി ഈ അഭിനയ ഭക്തൻ. ദ്രവ്യം സമ്പാദിപ്പാനും വസ്ത്രം, ഒലിവുതോട്ടം, മുന്തിരിത്തോട്ടം, ആടുമാടുകൾ, ദാസീദാസന്മാർ എന്നീ വക മേടിപ്പാനും പറ്റിയ സമയം ഇതാണെന്ന് ഗേഹസ്സി മനസ്സിലാക്കി. പ്രവാചക ശിഷ്യനായി തുടർന്നുകൊണ്ടു ആ നിലയിൽ ലഭിക്കുന്ന ബഹുമാനദരവുകൾ ആവോളം അനുഭവിക്കുകയും ചെയ്യാം അപ്പോൾ തന്നെ യജമാനനായ പ്രവാചകൻ തള്ളുന്നതിനെ കൊള്ളുകയും ചെയ്യാം. ഏലീശയോടൊപ്പം നിന്നുകൊണ്ടുള്ള ഈ ആത്മീക അന്തരീക്ഷമാണ് ഭൗതീക നന്മകൾ നേടാനുള്ള ഏറ്റവും നല്ല അവസരമെന്ന് ഗേഹസ്സി തിരിച്ചറിഞ്ഞു. മറ്റു പ്രവാചക ശിഷ്യന്മാർ ആരും കാണാത്ത ഒലിവ്, മുന്തിരി ആദിയായ തോട്ടങ്ങളും ആടുമാടുകൾ പുത്തൻ വസ്ത്രങ്ങൾ നൂതന ഗേഹങ്ങൾ എന്നിങ്ങനെയുള്ള വസ്തുക്കളെ സ്വപ്നം കാണുകയും തുടർന്ന് അതിനെ ഗർഭം ധരിക്കുകയും ഒടുവിലത് പ്രാപിക്കുകയും ചെയ്യുന്ന ഒരുപദേശം ഗേഹസ്സി അങ്ങ് രൂപപ്പെടുത്തി. ദൈവീകതയെ ഭൗതികതക്ക് ഹേതുവാക്കുന്ന പുതിയ ഭാവത്തിന്റെ ഒരു പ്രതിനിധി മാത്രമാണ് ഗേഹസ്സി. വീടും വാഹനങ്ങളും തോട്ടവും ലാക്കാക്കി യേശുവിനെ അനുഗമിക്കുന്നവരുടെ എണ്ണം അസംഖ്യമാം വിധം പെരുകുകയാണ്. സുവിശേഷത്തിന്റെ പേരിൽ ദൈവഭക്തിയെ മറയാക്കി ആത്മീകത ആദായ സൂത്രമാക്കുന്ന ഗേഹസ്സിമാർഗ്ഗത്തിന്റെ പിന്നാമ്പുറതന്ത്രങ്ങൾ വേദപുസ്തക ധാർമ്മികതയ്ക്ക് എക്കാലവും എതിരാണ്. പൗലോസിന്റെ പ്രസ്താവന ചേർത്തു വായിച്ചാൽ "അവൻ ദൈവഭക്തി ആദായസൂത്രം എന്നു വിചാരിക്കുന്നു" (1തിമൊ.6:5). തിരഞ്ഞെടുത്ത മാർഗ്ഗം ആഴത്തിൽ മുങ്ങി താഴുന്ന ഒരു കപ്പൽ കണക്കെ അവന്റെ ജീവിതം നശിപ്പിച്ചു. "നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ, അതു വിട്ടോടി നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവയെ പിന്തുടരുക.!!

---

ചെറുകഥ

# 'ഇനി ഉറങ്ങിക്കോ...'



ബിനു തോമസ്
വടക്കുംചേരി

സമയം 12 മണി! എന്റെ പൊടിപിടിച്ച ബാഗിൽ നിന്ന് ലാപ്ടോപ്പ് എടുത്തു. പവർ ഓൺ ചെയ്തു. മന്ദം ഇന്റർനെറ്റ് കണക്ടു ചെയ്തു. മകന്റെ 'വീഡിയോ കോളിനായി' ഞാൻ കാത്തിരുന്നു. മണിക്കൂറുകൾ പലതു താണ്ടി; വിളിയൊന്നും കണ്ടില്ല അവൻ വല്ല തിരക്കിലും പെട്ടതുകൊണ്ടാകാം എന്ന് സ്വയം ആശ്വസിച്ചു. ആരുടേയും വിളി കാണാത്തതിനാല് ഞാന് ലാപ്ടോപ്പ് മടക്കിവെച്ച്, തുറന്നിരുന്ന ജാലകത്തിലൂടെ ഓർമ്മകളിൽ ലയിച്ചു.

നല്ല മഴയുള്ള ദിവസം! തണുപ്പത്തു രണ്ട് പുതപ്പും പുതച്ചു ചുരുണ്ടുകൂടി നിദ്രയെ സ്നേഹിക്കുന്ന എന്നെ തേടി പതിവ് വിളി എത്തി. എന്റെ സ്വന്തം അമ്മയുടെ വിളി, "ഡാ മോനെ എഴുന്നേല്ക്കഡാ...." ഈ വാണിംഗ് വിളി നിന്നും മനസ്സിലാക്കാം സ്റ്റീൽ ഗ്ലാസിൽ തിളച്ച ചൂടോടെ തയ്യാറാക്കിയ കട്ടൻകാപ്പി എനിക്കായി കാത്തിരിക്കുന്നു. വിളി കേട്ടില്ലെന്നു നടിച്ചു വീണ്ടും പുതപ്പ് തലയിൽ മൂടി കിടക്കും......

പിന്നെ അമ്മയുടെ എണ്ണിപറച്ചിൽ ഓരോന്നായി കേൾക്കാം- "ഈ ചെക്കനു എന്താ? വിളിച്ചാൽ ചെവി കേട്ടൂടെ.....??" ഈ വർഷം 'പത്താം ക്ലാസ്സ്' ആയി എന്നിട്ടും അതിന്റെ ഒരു ചൂടോ ഉഷ്ണമോ അവനുണ്ടോ? "ഇനി എഴുന്നറ്റിട്ടില്ലെങ്കിൽ 'സീൻ' ബോറാകും അതുകൊണ്ടുതന്നെ മെല്ലെ കിടക്കയെ വെടിഞ്ഞു ഞാൻ, "ഈ തണുപ്പത്ത് എവിടുന്നാ അമ്മെ 'ചൂടും ഉഷ്ണവും???" ഉറക്കം കെടുത്തിയ ദേഷ്യത്താൽ ഞാൻ ചോദിച്ചു. ആവർത്തന വിരസതയുള്ള അമ്മയുടേയും എന്റേയും പ്രഭാത സംഭാഷണം നിർത്താൻ അപ്പുറത്ത് പഠിച്ചു കൊണ്ടിരിക്കുന്ന പെങ്ങൻമാർ ഉത്തരവിടുന്നതോടെ സ്കൂളിൽ ചെന്ന് എങ്ങനെ സമയം കളയും എന്ന ചിന്തയിൽ മുഴുകും ഞാൻ. ഗണിത ശാസ്ത്രത്തിൽ മാത്രം എനിക്ക് ഇപ്പോഴും നല്ല മാർക്ക് (90.8) ഉണ്ടാകും മറ്റുള്ള വിഷയങ്ങളില് തട്ടിയും മുട്ടിയും തോറ്റും ജയിച്ചും കൊണ്ടിരിക്കും. അതുകൊണ്ടാകാം എന്റെ അച്ഛന് പറയാനുള്ളത് "കണക്കിൽ അവൻ മിടുക്കനാണെങ്കിലും മറ്റു വിഷയങ്ങളിൽ കണക്കാ" ഗണിതശാസ്ത്രത്തിനോടുള്ള സ്നേഹം കൊണ്ടാകാം അത് പഠിപ്പിക്കുന്ന മാഷിനോടും എനിക്ക് അടുപ്പം തോന്നിയത്. അതുകൊണ്ടുതന്നെ ഞാൻ മാഷിനോട് ചില കാര്യങ്ങൾ തുറന്നു സംസാരിക്കാറുണ്ട്. ആ കൂട്ടത്തിൽ മറക്കാനാവാത്ത ഒന്നുണ്ട്. ഒരിക്കൽ ഞാൻ മാഷിനോട് പറഞ്ഞു "എങ്ങനെങ്കിലും പത്താം ക്ലാസ്സ് കഴിഞ്ഞിട്ട് വേണം എനിക്ക് പഠിപ്പ് നിർത്തണം, എന്നിട്ട് നല്ലൊരു ഡ്രൈവറാകണം" ഇതു കേട്ടിട്ടു മാഷ് പറഞ്ഞു "പഠിക്കുന്നതെല്ലാം നിന്റെ താല്പര്യമാണ്. നല്ലൊരു ഡ്രൈവറായി തീരാൻ ആഗ്രഹിക്കുന്ന നീ ഒന്നോർക്കുക, ജീവിതം എന്നത് തടസ്സങ്ങൾ നിറഞ്ഞ, വലിയൊരു മലയാണ്, ഈ ജീവിതശകടത്തിൽ നല്ലൊരു ഡ്രൈവറായി എത്രത്തോളം വേഗത്തിൽ ആ മല കീഴ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും നിന്റെ വിജയം" എന്റെ എല്ലാ സാഹചര്യങ്ങളും അറിയുന്ന മാഷ് ഒന്നുകൂടി കൂട്ടിച്ചേർത്തു "ദരിദ്രനായി ജനിക്കുന്നത് നമ്മുടെ തെറ്റല്ല എന്നാൽ ദരിദ്രനായി മരിക്കുന്നത് നമ്മുടെ മാത്രം തെറ്റാണ്"

ഒരു ദരിദ്രകുടുംബത്തിൽ മൂത്തമകനായി ജനിച്ച എന്റെ മുൻപിൽ കൂടുതൽ പഠിക്കാൻ സമയമില്ല. അനിയത്തിമാരെ നന്നായി പഠിപ്പിക്കണം, അവരെ കല്യാണം കഴിപ്പിക്കണം, അച്ഛനേയും അമ്മയേയും നന്നായി നോക്കണം ഇങ്ങനെ ഉത്തരവാദിത്വങ്ങൾ എന്റെ ജീവിത ശകടത്തിന്റെ വേഗതകുറയ്ക്കുമോ എന്ന്, ഞാൻ ഭയന്നിരുന്നെങ്കിലും അവയിൽ ഞാൻ വിജയിച്ചു. നിറക്കൂട്ടിൽ ചാലിച്ച സ്വപ്നങ്ങൾ ഓരോന്നായി ഞാൻ നേടിയെടുക്കുന്നതിൽ വിജയിച്ചു.

വെറും ഒരു ഡ്രൈവറായി ജോലി ആരംഭിച്ച ഞാൻ, കഠിനാധ്വാനം കൊണ്ട് സ്വന്തമായി ഒരു വണ്ടി വാങ്ങി, വീടുവെച്ച്, പെങ്ങൻമാരെ കെട്ടിച്ചയച്ചു, ഞാനും വിവാഹിതനായി. അങ്ങനെ എല്ലാംകൊണ്ടും ദൈവം എന്നെ അനുഗ്രഹിച്ചു. ഒരുപാട് വാഹനങ്ങൾ ഞാൻ സ്വന്തമാക്കി. നല്ലൊരു സാമ്പത്തിക കെട്ടുറപ്പായി.

എന്റെ മാഷ് പറഞ്ഞതുപോലെ, ഞാൻ ദുരിതങ്ങൾ നിറഞ്ഞ ജീവിതത്തെ മറി കടന്നു എന്റെ ജീവിതശകടം ഓടിച്ചു ഉയരങ്ങളിൽ എത്തി.....പക്ഷേ............

പെട്ടെന്ന് എന്റെ മുറിയുടെ കതകിൽ ആരോ മുട്ടുന്നു...."അപ്പച്ചാ കതകു തുറക്കൂ.... " ഞാൻ കതകു തുറന്നു, "എന്താ മോളേ?"

"മോൻ വിളിച്ചിട്ട് എന്നാ പറഞ്ഞു?"

ഞാൻ മുഖം താഴ്ത്തിയപ്പോൾ അവൾക്കു കാര്യം മനസ്സിലായി.

"വേഗം വാ....എല്ലാവരും അപ്പച്ചന്റെ 'ബർത്ത്ഡേ കേക്ക്' മുറിക്കാൻ റെഡിയായി"

"മോളു പൊയ്ക്കൊള്ളൂ ഞാൻ വേഗം വന്നേക്കാം" അവളെ ഞാൻ പറഞ്ഞുവിട്ടു. അവൾ എന്റെ സ്വന്തം മോളേപ്പോലെയാ..എന്റെ സ്വന്തം മക്കൾ സ്റ്റേറ്റ്സിലും, ലണ്ടനിലുമാണ്. സഹധർമ്മിണി ഇഹലോകവാസം വെടിഞ്ഞതോടെ ഞാൻ ഏകനായി. ഇന്നെനിക്ക് 83-ാം പിറന്നാൾ ആണ്. സാധാരണ എന്റെ പിറന്നാൾ ദിവസം അമേരിക്കയിലെ ഇളയമകൻ വിളിക്കാറുണ്ട്. ഈ പ്രാവിശ്യം അതും മുടങ്ങി, പക്ഷേ മകളുടെ ബർത്തഡേ സമ്മാനം ലണ്ടനിൽ നിന്നും 'സാന്ത്വന വൃദ്ധസദനത്തിൽ' ഇന്നലെ എത്തിയിരുന്നു.

ഞാൻ വേഗം ഡ്രസ്സ് മാറി ഞങ്ങളുടെ പ്രധാന ഹാളിൽ വന്നു. എന്റെ ഇപ്പോഴത്തെ കുടുംബത്തിലെ എല്ലാവരും വന്നിട്ടുണ്ട്. 63-ഓളം വൃദ്ധരും ഞങ്ങളെ നോക്കുന്ന രണ്ടു സിസ്റ്റർമാരും, പിന്നെ സമർപ്പണ മനസ്സുള്ള രണ്ടു പെൺകുട്ടികളും, അവർ അനാഥാലയത്തിൽ വളർന്നതുകൊണ്ടാകാം പ്രായമായ അപ്പച്ചൻമാരേയും അമ്മച്ചിമാരേയും സ്നേഹിക്കാൻ കഴിയുന്നത്.

ഇനിയും ചിലർ ഉണ്ട്, അവരിൽ ചിലര് രോഗം മൂലം തളർന്നവരും, മാനസിക ബുദ്ധി കുറഞ്ഞവരുമാണ്. സിസ്റ്റർ എന്റെ കൈയിൽ കേക്കും, കത്തിയും തന്നു ഞാൻ മെല്ലെ അത് മുറിച്ചു എല്ലാവർക്കും കൊടുത്തു എല്ലാവവര സ്നേഹത്തോടെ അത് വാങ്ങി കഴിച്ചു അല്പനേരം ഞങ്ങൾ എല്ലാവരും വേദനകളുടേയും, ഒറ്റപ്പെടുത്തലുകളുടെ ലോകത്തിൽ നിന്ന് പറന്നകന്നു.

ഞൻ മെല്ലെ പുറത്തേക്കിറങ്ങി, അപ്പോൾ ഞങ്ങളുടെ വൃദ്ധസദനത്തിന്റെ വണ്ടിയെത്തി. അതിൽ പലരും സൗജന്യമായി നല്കുന്ന അരിയും, തേങ്ങയും, പച്ചക്കറികളും എല്ലാം ഉണ്ടാകും.

അപ്പോൾ ഞാൻ ആദ്യമായി വാങ്ങിയ എന്റെ വണ്ടിയെക്കുറിച്ചോർത്തു, ഒപ്പം എന്റെ 'ജീവിതശകടത്തെയും' നല്ലൊരു ഡ്രൈവറായ ഞാൻ ദുരിതങ്ങൾ താണ്ടിയും, സ്വപ്നങ്ങൾ നെയ്തും ജീവിതത്തിന്റെ കൊടുമുടിയിൽ എന്റെ വണ്ടി ഓടിച്ചെത്തി. പക്ഷേ വാർദ്ധക്യം എന്നെ പിടിക്കുവാൻ തുടങ്ങിയപ്പോൾ മക്കൾ എന്നോട് പറഞ്ഞു, ആ വണ്ടിയിൽ നിന്നും "ഇനി ഇറങ്ങിക്കോ...." അവരുടെ മനസ്സിൽ നിന്നും....., സന്തം കുടുംബത്തിൽ നിന്നും..... എന്നന്നേക്കുമായി ഞാൻ ഇറങ്ങിക്കൊടുത്തു, അതെ, ധനികനായ ഞാൻ സ്നേഹത്തിന്റെ ദാരിദ്രത്തിലേക്ക് വലിച്ചെറിയപ്പെട്ടു.

തലനിരയിൽ തഴയരുതേ..

"നിനക്ക് നൻമ ഉണ്ടാകാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്കുക" എന്നത് വാഗ്ദത്തത്തോടുകൂടിയ ആദ്യകല്പന ആകുന്നു (എഫെസ്യർ 6:2).

BELIEVERS JOURNAL
P.O. Box.31, Manjadi P.O.,
Thiruvalla - 689 105

മാധ്യമ വിചാരം

# പ്രൈംമിനിസ്റ്റർ ഡോട്ട് കോം.



അനിൽ കൊടിത്തോട്ടം
9495733727

കഴിഞ്ഞ കുറേ നാളുകളായി സാംകുട്ടി ചാക്കോയോട് കലഹിച്ചു പോന്ന മാധ്യമവിചാരകന് അദ്ദേഹത്തിന്റെ പുതിയ നിരീക്ഷണവുമായി പൊരുത്തപ്പെടാതെ വയ്യ. നരേന്ദ്രമോഡി അടുത്ത പ്രധാനമന്ത്രിയാകണം, പറയുന്നത് സാംകുട്ടിയാണ് അല്ലാതെ അച്ചൻകുഞ്ഞല്ല, അതുകൊണ്ട് പറയുന്നതിൽ ഉറച്ചു നിൽക്കും. അച്ചൻകുഞ്ഞായിരുന്നെങ്കിൽ എൽ.ടി.ടി.ഇ, ആം ആദ്മി, സി.പി.എം, അണ്ണാ. ഡി.എം.കെ...ഇങ്ങനെ മാറിമാറിപ്പിന്തുണച്ച് ഒടുവിൽ ജോസഫ് എം പുതുശ്ശേരിയെ പ്രധാനമന്ത്രിയാക്കണമെന്നുവരെ വാദിച്ചേക്കാം.

നരേന്ദ്രമോഡി പ്രധാനമന്ത്രിയായി അഞ്ചുവർഷം ഭരിച്ചാൽ അടുത്ത തെരഞ്ഞെടുപ്പിൽ ഭരണവിരുദ്ധവികാരമുണ്ടായി കോൺഗ്രസ് അധികാരത്തിൽ വരും. രാഹുൽ ഗാന്ധിയാണ് പ്രധാനമന്ത്രിയാകുന്നതെങ്കിൽ കഷ്ടിച്ച് ഒരു വർഷമേ ഭരിക്കൂ. കോൺഗ്രസാകട്ടെ, ബി.ജെ.പി.യാകട്ടേ ആം ആദ്മിയാകട്ടെ ഇത്തരം പാർട്ടികളൊന്നും അതുകഴിഞ്ഞാൽ പിന്നെ ഇന്ത്യ ഭരിക്കില്ല. കാരണം അപ്പോഴേക്കും രണ്ടായിരത്തി ഇരുപതാകും. ഇന്ത്യ ക്രിസ്തീയ രാജ്യമാകും. സിസ്റ്റർ ഏഞ്ചലിക്കാ പ്രസിഡന്റും, റ്റി.ജെ. ശാമുവേൽ ഇന്ത്യൻ പ്രധാനമന്ത്രിയുമാകും. ന്യൂനപക്ഷക്കമ്മീഷൻ ചെയർമാനും മെമ്പറുമൊക്കെയാകാൻ ഇപ്പോൾ അണിയറയിൽ കരുക്കൾ നീക്കുന്ന ചിലർ അന്നു ലജ്ജിച്ചു തലതാഴ്ത്തും.

റ്റി.ജെ. പ്രധാനമന്ത്രിയായാലും ഏ.ജി. സൂപ്രണ്ട് സ്ഥാനം നിലനിർത്തും. ശരീരത്തുനിന്നും അഗ്നിസ്ഫുലിംഗങ്ങൾ പ്രസരിപ്പിക്കാൻ കഴിവുള്ള ആളാകയാൽ ഇന്ത്യയിൽ അന്ന് ഊർജ്ജക്ഷാമം ഉണ്ടാകില്ല തെർമ്മൽപവറോ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളോ വേണ്ടിവരില്ല. എം.എ. വർഗ്ഗീസ്, പി.ആർ. ബേബി തുടങ്ങിയ പുകൾപെറ്റ ശാസ്ത്രജ്ഞന്മാരെ ഉപയോഗിച്ച് തന്റെ ശരീരത്തിൽ നിന്നും പുറപ്പെടുന്ന അഗ്നികൊണ്ടുള്ള അഭിഷേകം കേന്ദ്രപൂളിൽ സംഭരിച്ച് ഇന്ത്യ ആകമാനം പ്രകാശപൂരിതമാകും. അന്ന് ഏറ്റവുമധികം ലജ്ജിക്കുന്നത് സാംകുട്ടി ചാക്കോയാകും. കാരണം റ്റി.ജെ യുടെ അഗ്നി അഭിഷേകത്തിന്റെ ശൈശവദശയിൽ ഏറ്റവും എതിർത്തത് സാംകുട്ടി ആയിരുന്നല്ലോ

കെ.എൻ.റസലാകും റ്റി.ജെ. യുഗത്തിൽ പീഢിപ്പിക്കപ്പെടാൻ പോകുന്ന മറ്റൊരു പത്രക്കാരൻ. പ്രകാശ് കാരാട്ടോ, പിണറായി വിജയനോ പോലും ഉണ്ടാകില്ല റസലിനെ രക്ഷിക്കാൻ. അച്ചൻകുഞ്ഞിനു പേടിക്കാനൊന്നുമില്ല. അതിയാനെ രക്ഷിക്കാൻ ഇസ്രായേൽ ഇടപെടും. നയതന്ത്ര പരിരക്ഷയുള്ള അംബാസിഡറല്ലേ അദ്ദേഹം. അഡ്മിറൽ ട്രാവൽസ് നടത്തുംകാലത്ത് തനിക്ക് ലഭിച്ച അംബാസിഡർ പദവികളുടെ നിരവധി സർട്ടിഫിക്കറ്റുകൾ ചവറ്റുകൊട്ടയിലിട്ട അബദ്ധം വടക്കേക്കുറ്റ് കാണിക്കാതിരുന്നെങ്കിൽ അദ്ദേഹത്തിനും കിട്ടുമായിരുന്നു ഈ പരിരക്ഷ. അച്ചൻകുഞ്ഞ് അംബാസിഡർക്ക് നയതന്ത്ര പരിരക്ഷ ഇല്ലാത്തപക്ഷം ദേവയാനി ഖൊബ്രാഗഡയെ പരിശോധിച്ചതുപോലെ അച്ചൻകുഞ്ഞിനേയും പരിശോധിക്കും. സാക്ഷാൽ പുതുശ്ശേരി വന്നാലും അച്ചൻകുഞ്ഞ് രക്ഷപെടില്ല. കാരണം മറുവശത്ത് റ്റി.ജെ.യാണ്. തനിക്ക് വോട്ടുചെയ്തില്ല എന്ന സംശയത്താൽ സഹപ്രവർത്തകരുടെ ഓർഡിനേഷൻ തടഞ്ഞും,എം.പി.ടോണിക്കു കൈവയ്പു നൽകിയും ഫിന്നി. പി.മാത്യുവിന്റെ ക്യാമറ തകർത്തും റ്റി.ജെ. കഴിവുതെളിയിച്ചിട്ടുണ്ട്.

രണ്ടായിരത്തി ഇരുപതോടെ ക്രിസ്തീയ രാജ്യമാകുന്ന ഇന്ത്യയിലെ കേന്ദ്രസർവ്വകലാശാല തൊടുപുഴയിലായിരിക്കും. കല്ലിശ്ശേരി പ്രൊഫസർക്ക് എം.ഡി.യും കരുവാറ്റാ ഡോക്ടർക്ക് പി.എച്ച്.ഡി യും നൽകിയ കൽക്കട്ടയിലെ അയാട്ടായുടെ യഥാർത്ഥ ആസ്ഥാനം തൊടുപുഴയിലാണെന്നും കാൾമാർക്സ്-എംഗൻസ്-ലെനിൻ എന്നീ പേരുകൾക്കു ശേഷം വരുന്ന പേരുകാരനായ അതിന്റെ വൈസ്ചാൻസലറുടെ വീടാണതെന്നും ഇപ്പോഴേ ഓർത്തിരിക്കണം. അന്നത്തെ കേന്ദ്രസാഹിത്യ അക്കാദമിക്ക് ഒരു പ്രത്യേക ഓഫീസുണ്ടാകില്ല. സാഹിത്യവിശാരദ ദിവ്യശ്രീ നിതാന്തവന്ദ്യൻ ഏഴംകുളം സാംകുട്ടിയാകും. അന്ന് അതിന്റെ തലപ്പത്ത് പാളത്തിലൂടേയും പാളംതെറ്റിയും തീവണ്ടി ഓടിച്ച് സ്തുതിപാടകർക്ക് അൻപതും നൂറും ചില്ലറ നൽകിയും അവാർഡ് കൊടുത്തും സാംകുട്ടി തകർക്കും. പള്ളിയിൽ പോകുന്നവർക്കൊക്കെ കുട വാങ്ങിക്കൊടുക്കും. അർദ്ധരാത്രിക്കും കുടപിടിച്ച് മഹത്വം വെളിപ്പെടുത്തും.

അഷ്ടിക്കു കഷ്ടപ്പെടുന്ന ആർക്കും വകതിരിവില്ലാതെ അപ്പവീഞ്ഞുകൾ നൽകും. സജിത്ത് ജോസഫാകും ഭക്ഷ്യമന്ത്രി. മുല്ലക്കര, തങ്കു, ഡാമിയൻ, സാമച്ചൻ തുടങ്ങിയ മഹാരഥന്മാർക്കും പരിഗണനകിട്ടും. അമ്മക്കിളിക്കൂടു പണിയുന്നതിലും ആന്ത്രാക്സുമാറ്റി കൊടുക്കുന്നതിലും അഗ്രഗണ്യനായ മുല്ലക്കരയ്ക്ക് സാമൂഹ്യക്ഷേമവും സുഖിമാൻ സുവിശേഷശ്രീ തങ്കുവിന് ഗീബൽസിയൻ തന്ത്രങ്ങളോതുന്ന ഉപദേഷ്ടാവിന്റെ പദവി നൽകും. ക്ഷമക്കും ഡാമിയനും വേണ്ടി എന്തെങ്കിലും തസ്തീക സൃഷ്ടിക്കും പേരുവിളിവിദഗ്ധനും വിഖ്യാത തകിടുമാന്തിയുമായ സാമച്ചന് പാർലമെന്റ് സ്പീക്കറാക്കും. പേരുവിളിച്ച് ശീലിച്ചയാളല്ലേ മറ്റെന്തുപണി? കർണകഠോര ശബ്ദത്തിലാകും ദേശീയ ഗാനം. പാടുന്ന ചുമതല ട്രാവനാകും നൽകുക. പതാക ഉയർത്തുന്ന പണി കെ. എ.ഏബ്രഹാമിനും കൊടുക്കേണ്ടതു ന്യായമാണല്ലോ.

ഭാര്യ തന്നെവിട്ടു സഹ പാസ്റ്റർമാർക്കൊപ്പം പോയതിൽ മനംനൊന്തു കഴിഞ്ഞ പോൾ തങ്കയ്യാ സന്തോഷത്തിലാണ്. അവർ മടങ്ങി വന്നിരിക്കുന്നു. ഒരു ബഡാഘോഷം ഒരുക്കിയാണ് ആശാൻ അത് ആഘോഷിച്ചത്. പാവം അബ്ദുൾക്കരീമിനെ തഴഞ്ഞ് സൂപ്രണ്ടാകാൻ തങ്കയ്യാ തക്കം പാർക്കവേ, റ്റി. ജെ. യുഗം വന്നണഞ്ഞാലോ?

ഏഞ്ചലിക്കാ മഠത്തിലമ്മയുടെ പ്രവചനം പ്രചരിപ്പിച്ച റ്റി. ജെ.-പി. ആർ ബേബി സഖ്യം ഇപ്പോൾ മൗനത്തിലാണ്. ആറുകൊല്ലത്തിനകം കാര്യം നടന്നില്ലെങ്കിൽ അതുഗുലുമാലാകും. ഈ ഈസബേൽ പിടിച്ച പുലിവാലിൽ കയറിപ്പിടിച്ച മഹാന്മാർ തിരുത്തുന്ന ലക്ഷണവുമില്ല. പുള്ളിപ്പുലിയുടെ ഉടലും സിംഹത്തിന്റെ വായും കരടിയുടെ കാലുമുള്ള ഒരു മൃഗത്തിന്മേൽ ഒരു സ്ത്രീ ഇരിക്കുന്നത് കണ്ടുവോ? ഇല്ലെങ്കിൽ ശ്രദ്ധിക്കുക. പുനലൂരോ എറണാകുളത്തോ നോക്കുക.

കണ്ടതും കേട്ടതും

ജയ്മോഹൻ അതിരുങ്കൽ, 9567759748



MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 07, ISSUE 02
RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/7LA/225/2012-14

# BELIEVERS JOURNAL

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105
Publishing Date
25/01/2014




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.